# കേരള സ്കൂൾകലോത്സവ മാന്വൽ

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ആമുഖം | 3 |
| 2. | അദ്ധ്യായം – I<br>പൊതുനിർദ്ദേശങ്ങൾ | 6 |
| 3. | അദ്ധ്യായം – II<br>കാറ്റഗറി I ലെ മത്സരങ്ങൾ | 9 |
| 4. | അദ്ധ്യായം – III<br>കാറ്റഗറി II ലെ മത്സരങ്ങൾ | 11 |
| 5. | അദ്ധ്യായം – IV<br>കാറ്റഗറി III ലെ മത്സരങ്ങൾ | 13 |
| 6. | അദ്ധ്യായം – V<br>കാറ്റഗറി IV ലെ മത്സരങ്ങൾ | 19 |
| 7 | അദ്ധ്യായം – VI<br>സംസ്കൃതോത്സവം | 26 |
| 8. | അദ്ധ്യായം – VII<br>അറബിക് സാഹിത്യോത്സവം | 29 |
| 9. | അദ്ധ്യായം – VIII<br>സ്കൂൾതല കലോത്സവം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ | 32 |
| 10. | അദ്ധ്യായം – IX<br>ഉപജില്ലാതല കലോത്സവം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ | 33 |
| 11. | അദ്ധ്യായം – X<br>റവന്യൂജില്ലാതല കലോത്സവം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ | 37 |

12. **അദ്ധ്യായം – XI** 42
സംസ്ഥാന സ്കൂൾകലോത്സവം നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

13. **അദ്ധ്യായം – XII** 45
കമ്മിറ്റികളും ചുമതലകളും

14. **അദ്ധ്യായം – XIII** 55
അപ്പീൽ കമ്മിറ്റി

15. **അദ്ധ്യായം – XIV** 61
കേരള സ്കൂൾകലോത്സവം – പൊതുനിബന്ധനകൾ

16. **അദ്ധ്യായം – XV** 67
സ്കൂൾ കലോത്സവ – മൂല്യനിർണ്ണയോപാധികൾ

17. **അദ്ധ്യായം – XVI** 78
സംസ്കൃതോത്സവം – മൂല്യനിർണ്ണയോപാധികൾ

18. **അദ്ധ്യായം – XVII** 83
അറബിക് കലോത്സവം– മൂല്യനിർണ്ണയോപാധികൾ

19. **അനുബന്ധങ്ങൾ**

I. കലോത്സവ പ്രവേശന ഫോറം 87

II. അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം 88

III. അപ്പീൽ തീർപ്പാക്കുന്നതിനുള്ള മാതൃകാ ഫോറം 89

IV. വിധികർത്താക്കളുടെ/അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ സത്യപ്രസ്താവന 90

V. സ്റ്റേജുമാനേജരുടെ ഡയറി 91

VI. വിധികർത്താവിന്റെ പ്രതികരണ പത്രിക 92

# കേരള സ്കൂൾകലോത്സവ മാന്വൽ

**ആമുഖം**

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ സർഗധനരായ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ കലാസാംസ്കാരിക സംഗമമായ കേരള സ്കൂൾ കലോത്സവം മലയാളിയുടെ പൊതുജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുകയാണ്. കലയും സാഹിത്യവും മനുഷ്യമനസ്സിനെ നിരന്തരം നവീകരിക്കുകയും സാമൂഹിക പരിണാമങ്ങളിൽ മാനവികമൂല്യങ്ങളെയും കാഴ്ചപ്പാടുകളെയും രൂപീകരിക്കാൻ സഹായിക്കുകയും ചെയ്യും. കലയുടെ നൻമയും വിശുദ്ധിയും ആഴത്തിൽ അടയാളപ്പെടുത്തപ്പെട്ട ഒരു സമൂഹമാണ് നമ്മുടേത്. ദൃശ്യശ്രാവ്യരൂപങ്ങളിലായി അനേകം കലാവൈവിധ്യങ്ങൾ നമുക്കുണ്ട്. വിവിധകാലങ്ങളിലും ദേശങ്ങളിലുമായി വ്യത്യസ്ത മനുഷ്യ സമുദായങ്ങളിലുയിർക്കൊണ്ട വിഭിന്നകലാരൂപങ്ങൾ നമ്മുടെ മഹത്തായ കലാപാരമ്പര്യത്തെയാണ് വിളിച്ചോതുന്നത്. പ്രാദേശികമായും ജാതീയമായും മതാത്മകമായും വർഗീയമായും മറ്റും വേർതിരിക്കപ്പെട്ട ഒരുസമൂഹം കലാവിഷ്കരണത്തിലൂടെ ഏകീകരിക്കപ്പെട്ടതിന്റെ ചരിത്രമാണ് സാംസ്കാരിക കേരളത്തിനുള്ളത്. വിദ്യാലയങ്ങളെ കലാനിലയങ്ങളായി വിഭാവനചെയ്യുന്ന പുതിയ പാഠ്യപദ്ധതിയിൽ കലാപഠനത്തിനു സവിശേഷമായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. ഓരോ കുട്ടിയുടെയും നൈസർഗിക വാസനകളെ പരിപോഷിപ്പിക്കാനും അവയുടെ അവതരണത്തിനുവേണ്ട വേദിയൊരുക്കാനും പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു. കുട്ടികളുടെ കലാവിഷ്കാരങ്ങൾക്ക് പര്യാപ്തമായ പിന്തുണയും പരിശീലനവും നൽകണമെന്ന് വിദ്യാഭ്യാസ അവകാശ നിയമവും അനുശാസിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ അരനൂറ്റാണ്ടിലേറെയായി നടത്തിവരുന്ന സ്കൂൾ കലോത്സവങ്ങൾക്കു പ്രസക്തിയും ആകർഷണീയതയും വർദ്ധിച്ചുവരുന്നതിന്റെ പശ്ചാത്തലമിതാണ്.

വിദ്യാഭ്യാസമെന്നത് കേവലം അറിവുല്പാദനപ്രക്രിയ മാത്രമല്ല. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗവാസനകളുടെ പരിപോഷണത്തിലൂടെ മാത്രമേ വിദ്യാഭ്യാസമെന്ന മഹത്തായ ദൗത്യം പൂർത്തീകരിക്കപ്പെടുകയുള്ളൂ. നമ്മുടെ പൊതുവിദ്യാലയങ്ങൾ അടുത്തകാലത്തായി നേടിയെടുത്തിട്ടുള്ള പുതിയ ഉണർവിന്റെ പ്രധാനഘടകങ്ങളിലൊന്ന് കേവലം പാഠ്യപദ്ധതിയുടെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കാതെ പൊതുവിദ്യാഭ്യാസം വിദ്യാർത്ഥികളുടെ വളർച്ചയിൽ അവരുടെ സിദ്ധികൾക്കും സാധനകൾക്കുമുള്ള പ്രാധാന്യം കൂടി അഭിസംബോധന ചെയ്യുന്നു എന്നുള്ളതാണ്. അറിവുല്പാദകരോ വിവരസമ്പാദകരോ മാത്രമാകാതെ പാഠപുസ്തക പഠനത്തോടൊപ്പം കലാധിഷ്ഠിതമായ നൈതികജീവിതത്തിന്റെ മാതൃകാ മാർഗങ്ങളെയും പൊതുവിദ്യാലയങ്ങൾ വിദ്യാർത്ഥികൾക്കു പ്രദാനം ചെയ്യുന്നു. കലോത്സവങ്ങൾ ആരോഗ്യകരമായ ചർച്ചകൾക്കും വിശകലനങ്ങൾക്കും വിധേയമാകുന്നതിലൂടെ പൊതുവിദ്യാലയങ്ങളുടെ പ്രാധാന്യമാണ് വ്യക്തമാക്കപ്പെടുന്നത്.

1957–ൽ എറണാകുളം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ഏതാനും ക്ലാസ് മുറികളിൽ പന്ത്രണ്ട് ഇനങ്ങളും പതിനെട്ടു മത്സരങ്ങളുമായി ആരംഭിച്ച സ്കൂൾ കലോത്സവം ഇന്ന് കേരളത്തിലെ പൊതുസമൂഹത്തിന്റെ ആഘോഷമെന്ന നിലയിൽ ഒരു ജനകീയ ഉത്സവമായി മാറിയിരിക്കുകയാണ്. സ്കൂൾ, ഉപജില്ല, ജില്ല, സംസ്ഥാനം എന്നിങ്ങനെ നാലുതലങ്ങളിലായി പത്തുലക്ഷത്തിലേറെ വിദ്യാർത്ഥികളാണ് ഇന്ന് കലോത്സവവേദികളിൽ മാറ്റുരയ്ക്കാനെത്തുന്നത്. കലാസാഹിത്യരംഗങ്ങളിൽ പിൽക്കാലത്ത് കേരളത്തിന്റെ അഭിമാനമായിത്തീർന്ന നിരവധി പ്രതിഭകളെ വാർത്തെടുക്കുവാനും, മൺമറഞ്ഞു പോകുമായിരുന്ന അനേകം കലാരൂപങ്ങളെ സംരക്ഷിക്കാനും സ്കൂൾ കലോത്സവങ്ങളിലൂടെ സാധിച്ചിട്ടുണ്ടെന്നതു ചാരിതാർത്ഥ്യജനകമായ വസ്തുതയാണ്. കേരളത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള കലകളെ ഒരേ വേദിയിൽ സംഗമിപ്പിക്കുവാനും വിവിധ തലങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ടു വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഒരുപോലെ പങ്കെടുക്കാനുള്ള അവസരമൊരുക്കാനും ആസ്വദിക്കാനും കലോത്സവം വഴി സാധിക്കുന്നു. വിജയങ്ങൾക്കും ഗ്രേഡുകൾക്കും സമ്മാനത്തുകകൾക്കുമപ്പുറം വിദ്യാർത്ഥികളുടെ പങ്കാളിത്തവും അതുവഴി അവർക്കു ലഭിക്കുന്ന മാനസികോല്ലാസവും കലാഭിമുഖ്യവും ഉറപ്പുവരുത്തുക എന്നുള്ളതാണു കലോത്സവങ്ങൾ കൊണ്ട് അർത്ഥമാക്കുന്നത്. പക്ഷേ, അടുത്ത കാലത്തായി കണ്ടുവരുന്ന ചില പ്രവണതകൾ കലോത്സവത്തിന്റെ ഉദ്ദേശശുദ്ധിയെത്തന്നെ ചോദ്യംചെയ്യുന്ന അപകടസ്ഥിതി സംജാതമാക്കിയിരിക്കുന്നു. കലയുടെ വാണിജ്യവത്കരണം കലോത്സവങ്ങളെയും ബാധിച്ചിരിക്കുന്നു. അനാരോഗ്യകരമായ ബാഹ്യഇടപെടലുകളും അമിതാഡംബരങ്ങളും ഗ്രേസ്മാർക്കിന്റെ ആകർഷണീയതയും രക്ഷാകർത്താക്കളുടെ വികലമായ ഉത്കണ്ഠകളും ധനദുർവിനിയോഗവുമെല്ലാം കലോത്സവത്തെക്കുറിച്ചുള്ള വിപരീത ചിന്തകൾക്കു കാരണമായിത്തീർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നടത്തിപ്പിനെ സംബന്ധിച്ചൊരു വീണ്ടുവിചാരം അനിവാര്യമായിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് മാനുവൽ പരിഷ്കരണം യാഥാർത്ഥ്യമാകുന്നത്.

2008 ലാണ് മത്സരയിനങ്ങളുടെ പട്ടികയും നിയമാവലികളും നടത്തിപ്പു സംബന്ധിച്ച നിർദ്ദേശങ്ങളും ഉൾപ്പെടുത്തി മാന്വൽ ആധികാരികമായി പരിഷ്കരിച്ചത്. തുടർന്ന് സ.ഉ.(എം.എസ്)338/2012/പൊ.വി.വ തീയതി 18.10.2012; സ.ഉ.(കൈ)നം. 129/2017/പൊ.വി.വ. തീയതിഃ 20/10/2017; സ.ഉ.(കൈ)നം.144/2018/പൊ.വി.വ. തീയതിഃ 06/10/2018; സ.ഉ.(കൈ)നം.123/2024/പൊ.വി.വ. തീയതിഃ 30/09/2024, സ.ഉ.(കൈ)നം.125/2024/പൊ.വി.വ. തീയതിഃ 30/09/2024 എന്നീ ഉത്തരവുകളിലൂടെ ചില ഭേദഗതികൾ വരുത്തുകയും ചിലയിനങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. പഴയ മാന്വലിനെ അടിസ്ഥാനപ്പെടുത്തി അതതു മേഖലകളിലെ വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് അഭിപ്രായ സമന്വയത്തിലൂടെയാണ് പുതിയ മാന്വൽ തയ്യാറാക്കിയിരിക്കുന്നത്. കലോത്സവം വിദ്യാർത്ഥികേന്ദ്രിതമായും സുഗമമായും പഠന പ്രക്രിയയുടെ ഭാഗമായും എങ്ങനെ നടത്താം എന്ന ചിന്തയെ മുൻനിർത്തിയാണ് പരിഷ്കരണം സാദ്ധ്യമാക്കിയിട്ടുള്ളത്. ആൺ, പെൺ വ്യത്യാസത്തോടെ

അവതരിപ്പിച്ചിരുന്ന ചില ഇനങ്ങൾ വിദഗ്ദ്ധാഭിപ്രായം കൂടി പരിഗണിച്ച് പൊതുമത്സരമായി അവതരിപ്പിക്കാമെന്നു തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ നിലവിലുണ്ടായിരുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ഒഴിവാക്കി 'എ', 'ബി', 'സി' ഗ്രേഡുകൾ നിലനിർത്താൻ തീരുമാനിച്ചു. വ്യക്തിഗതഇനങ്ങളിലും ഗ്രൂപ്പിനങ്ങളിലും എ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത അധ്യയന വർഷത്തേയ്ക്ക് ഒറ്റത്തവണ സാംസ്ക്കാരിക സ്കോളർഷിപ്പ് നൽകാനും തീരുമാനിച്ചു. കലോത്സവമെന്നതു സമഗ്ര കലകളുടെയും സമ്മേളനമാണെങ്കിലും സമയബന്ധിതമായ നടത്തിപ്പിന്റെ പ്രായോഗിക വശങ്ങൾ കാണാതിരുന്നുകൂടാ. അതിനാൽ കലകളിലെ പ്രാദേശിക വ്യത്യാസങ്ങളെയും അവാന്തരവിഭാഗങ്ങളെയും പുതിയ മത്സരയിനമായി പരിഗണിക്കാൻ സാധിച്ചിട്ടില്ല. കലയ്ക്കു മുൻതൂക്കം നൽകി, ധനവ്യയം കുറച്ച്, ബഹുജന പങ്കാളിത്തത്തോടെ, വിവാദങ്ങൾക്കിടവരാതെ നാലു തലങ്ങളിലെയും കലോത്സവങ്ങൾ നടത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഈ മാന്വലിലുണ്ട്. കലോത്സവ കമ്മിറ്റികളുടെ കൂട്ടത്തിൽ ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റി എന്നൊരു പുതിയ കമ്മിറ്റിയെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ വെല്ലുവിളികൾ ഉയർത്തുന്ന ഇക്കാലത്ത് അതിന്റെ പ്രാധാന്യം വിശദീകരിക്കേണ്ടതില്ലല്ലോ. കലോത്സവം കുട്ടികളുടേതാണ്. അതിനെക്കുറിച്ചുള്ള വിമർശനങ്ങളെല്ലാം അവരുടെ പക്ഷത്തു നിന്നാകുമ്പോൾ മാത്രമാണ് കലാമത്സരസംഗമങ്ങൾ ഉത്സവകേന്ദ്രങ്ങളാകുന്നത്. അവരുടെ അഭ്യുദയകാംക്ഷികളായ നമുക്കു വിവേകപൂർവ്വമായ ഈ വിചാരമാണു വേണ്ടത്.

സെക്രട്ടറി,
പൊതുവിദ്യാഭ്യാസ വകുപ്പ്

# അധ്യായം – 1

## പൊതുനിർദ്ദേശങ്ങൾ

1.01 പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽവരുന്ന സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിലെ എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ക്ലാസ്സുകളിലെ കുട്ടികളുടെ കലോത്സവം കേരള സ്കൂൾ കലോത്സവം എന്ന പേരിൽ അറിയപ്പെടുന്നതാണ്. അറബിക്, സംസ്കൃത കലോത്സവങ്ങളും ഇതിലുൾപ്പെടുന്നതാണ്.

1.02 നിലവിലുള്ള കലോത്സവ മാന്വൽ ഇതിനാൽ അസാധുവാകുന്നതാണ്.

1.03 താഴെപ്പറയുന്ന നാലു വിഭാഗങ്ങളിലായിട്ടാണു മത്സരം നടക്കുക.

കാറ്റഗറി – I – ക്ലാസ്സ് ഒന്നു മുതൽ നാലു വരെ

കാറ്റഗറി – II – ക്ലാസ്സ് അഞ്ചു മുതൽ ഏഴു വരെ

കാറ്റഗറി – III – ക്ലാസ്സ് എട്ടു മുതൽ പത്തു വരെ

കാറ്റഗറി – IV – ക്ലാസ്സ് പതിനൊന്നു മുതൽ പന്ത്രണ്ടു വരെ

1.04 കാറ്റഗറി I ലെ മത്സരങ്ങൾ ഉപജില്ലാതലത്തിലും കാറ്റഗറി II ലെ മത്സരങ്ങൾ ജില്ലാതലത്തിലും കാറ്റഗറി III, കാറ്റഗറി IV എന്നിവ സംസ്ഥാനതലത്തിലും അവസാനിക്കുന്നതാണ്.

1.05 മത്സരത്തിൽ അറുപതു ശതമാനത്തിൽ താഴെ മാർക്കു ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല. അറുപതു ശതമാനമോ അതിലധികമോ മാർക്കുകിട്ടുന്ന ഇനങ്ങളെ എ, ബി, സി എന്നീ മൂന്നുഗ്രേഡുകളായി തിരിക്കുന്നതാണ്. ഓരോ ഗ്രേഡിനും താഴെക്കാണുന്ന വിധം അക്കാദമിക്തല മാതൃകയിൽ പോയിന്റ് ലഭിക്കും.

| ഗ്രേഡ് | മാർക്ക് ശതമാനം | ലഭിക്കുന്ന പോയിന്റ് |
|---|---|---|
| എ | 80%മോ അതിലധികമോ | 5 |
| ബി | 70% മുതൽ 79% വരെ | 3 |
| സി | 60% മുതൽ 69% വരെ | 1 |

സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ എല്ലാ കാറ്റഗറികളിലെയും മത്സരങ്ങൾക്ക് ഇതു ബാധകമായിരിക്കും.

1.06 'എ' ഗ്രേഡ് ലഭിച്ച് ടോപ് സ്കോർ നേടിയാൽ മാത്രമേ മേൽതല മത്സരത്തിൽ പങ്കെടുക്കാനാവൂ.

1.07 വിദ്യാഭ്യാസവകുപ്പ് നിർദ്ദേശിക്കുന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചു തയ്യാറാക്കിയ എൻട്രി പ്രകാരമാണ് സ്കൂൾ/സബ്ജില്ല/റവന്യൂജില്ല/സംസ്ഥാനതല മത്സരങ്ങൾ നടക്കേണ്ടത്.

1.08 കാറ്റഗറി III ലെയും കാറ്റഗറി IV ലെയും സംസ്ഥാനതല വ്യക്തിഗത/ഗ്രൂപ്പിന മത്സരങ്ങളിൽ 'എ' ഗ്രേഡ് നേടുന്നവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പായി നൽകുന്നതാണ്.

1.09 സർക്കാരിന്റെ പദ്ധതിവിഹിതത്തിൽ അനുവദിക്കപ്പെട്ട തുകയ്ക്കു പുറമെ സംസ്ഥാന കലോത്സവത്തിന്റെ ചെലവ് പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പുകൾ 2:2:1 എന്ന അനുപാതത്തിൽ സ്വരൂപിക്കേണ്ടതാണ്. ഈ നിധി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഒരു ദേശസാത്കൃത ബാങ്കിൽ നിക്ഷേപിക്കേണ്ടതും മറ്റു രണ്ടു ഡയറക്ടർമാരുമായി കൂടിയാലോചിച്ച് ആവശ്യമായ ചെലവുകൾ നടത്തേണ്ടതുമാണ്.

1.10 സ്കൂൾതലം മുതൽ ഗ്രേഡ് നേടുന്ന മത്സരാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

1.11 കലോത്സവം പൂർണ്ണമായും ഹരിതപെരുമാറ്റ ചട്ടത്തിനു വിധേയമായിരിക്കേണ്ടതാണ്.

1.12 കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട കൊടുക്കൽ വാങ്ങലുകൾ/കരാറുകൾ എന്നിവ ജനറൽ കൺവീനർ, സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ചെയ്യേണ്ടതാണ്. 5000/–രൂപയ്ക്കു മേൽവരുന്ന തുകകൾ കരാറുകാരന്റെ/ഇടപാടുകാരന്റെ ബാങ്ക് അക്കൗണ്ടുവഴി നൽകേണ്ടതാണ്. 15000/–രൂപക്ക് മുകളിലുള്ള പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് നിയമം ബാധകമാണ്.

1.13 എൽ.പി. വിഭാഗം കലോത്സവം ആവശ്യമെങ്കിൽ നൃത്തേതരയിനങ്ങൾ പഞ്ചായത്തു തലത്തിൽ/ക്ലസ്റ്റർതലത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഇവയിൽ നിന്ന് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്കാണ് തൊട്ടടുത്തതലങ്ങളിലെ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അർഹത.

1.14 *ഒരു മത്സരാർത്ഥി വ്യക്തിഗത ഇനങ്ങളിൽ പരമാവധി 3 ഇനങ്ങളിലും ഗ്രൂപ്പിനങ്ങളിൽ രണ്ടെണ്ണത്തിലും മാത്രമേ മത്സരിക്കാൻ പാടുള്ളൂ. സംസ്കൃതം,അറബിക്കലോത്സവങ്ങൾ ഉൾപ്പെടെ*

1.15 മത്സരങ്ങളുടെ എല്ലാ തലങ്ങളും വിലയിരുത്തുന്നതിന് യോഗ്യരായ വിധികർത്താക്കളെ നിയമിക്കണം. വിധികർത്താക്കളെ നിയമിക്കുമ്പോൾ അവരുടെ ബയോഡാറ്റയും ഡിക്ലറേഷനും അനുബന്ധം നാലിൽ കൊടുത്തിരിക്കുന്നതുപോലെ എഴുതി വാങ്ങണം. വിധിനിർണ്ണയത്തിന് എല്ലാതലത്തിലും മൂന്നു പേർ മാത്രമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1.16 രണ്ടു വർഷത്തിലധികം ഒരു വിധികർത്താവിനെ ഒരേ ഇനത്തിൽ തുടർച്ചയായി വിധികർത്താവായി നിയമിക്കാൻ പാടുള്ളതല്ല. സബ്ജില്ലാതലത്തിൽ വിധികർത്താക്കളാകുന്നവർ അതേ ജില്ലയിൽ വിധികർത്താക്കളാകാൻ പാടില്ല. ജില്ലാതലത്തിൽ വിധികർത്താക്കളാകുന്നവർ അതേവർഷം അതേ ഇനത്തിൽ സംസ്ഥാനതലത്തിൽ വിധികർത്താക്കളാകാൻ പാടില്ല. ഓരോ വർഷവും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ അംഗീകൃത സാംസ്കാരിക/വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അതാത് മേഖലയിൽ പ്രാവീണ്യമുള്ള വ്യക്തികളിൽ നിന്നും നാമനിർദ്ദേശം ക്ഷണിച്ചു വരുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ സൂക്ഷ്മ പരിശോധന നടത്തി സംസ്ഥാന/ജില്ലാതല വിധികർത്താക്കളെ നിശ്ചയിക്കേണ്ടതാണ്. സബ്ജില്ലാ തലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർക്കായിരിക്കും ഈ ചുമതല.

1.17 അപമര്യാദയായും അച്ചടക്കമില്ലാതെയും പ്രകോപനപരമായും പ്രവർത്തിച്ച് കലോത്സവം അലങ്കോലമാക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ, അധ്യാപകർ ഉൾപ്പെടെയുള്ളവർക്കെതിരെ അയോഗ്യത കൽപിക്കലടക്കമുള്ള ഉചിതമായ ശിക്ഷാ നടപടി കൈക്കൊള്ളേണ്ടതും അതിനായി പ്രത്യേക പ്രശ്നപരിഹാര സമിതി ഉണ്ടായിരിക്കേണ്ടതുമാണ്. വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ പരമാവധി നാലു പേർ സമിതിയിൽ ഉണ്ടായിരിക്കണം. അഡീഷണൽ ഡയറക്ടർ (ജനറൽ) ചെയർമാൻ, കലോത്സവം നടക്കുന്ന ജില്ലയിലെ ഡി.ഡി.ഇ, ഹയർസെക്കന്ററിയിലെ ആർ.ഡി.ഡി, വി.എച്ച്.എസ്.ഇ.യിലെ എ.ഡി എന്നിവർ അംഗങ്ങൾ. കലാപരിപാടികൾ അരങ്ങേറുമ്പോൾ സ്റ്റേജിലുണ്ടാകുന്ന പ്രശ്നങ്ങൾക്കും ഈ സമിതി പരിഹാരം കാണേണ്ടതാണ്.

# അദ്ധ്യായം – 2

## കാറ്റഗറി – I ലെ മത്സരങ്ങൾ

2.01 സ്കൂൾ/ക്ലസ്റ്റർ/പഞ്ചായത്ത് (ആവശ്യമെങ്കിൽ), ഉപജില്ല എന്നീ തലങ്ങളിൽ മാത്രമേ മത്സരങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.

ക്ലസ്റ്റർ/പഞ്ചായത്തുതലമത്സരങ്ങളുടെ ആവശ്യകത ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പരിശോധിച്ചു നിശ്ചയിക്കേണ്ടതാണ്.

2.02 ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഹൈസ്കൂൾ, യു.പി., ടി.ടി.ഐ എന്നിവയോടുചേർന്നുള്ള എൽ.പി വിഭാഗത്തിലെ കുട്ടികളും ഈ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

2.03 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കുന്നതല്ല.

2.04 ഈ വിഭാഗത്തിനു താഴെപ്പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| 1 | പ്രസംഗം മലയാളം | 5 മിനിറ്റ് |
| 2 | പ്രസംഗം തമിഴ് | 5 മിനിറ്റ് |
| 3 | പ്രസംഗം കന്നട | 5 മിനിറ്റ് |
| 4 | പദ്യം ചൊല്ലൽ മലയാളം | 5 മിനിറ്റ് |
| 5 | പദ്യം ചൊല്ലൽ തമിഴ് | 5 മിനിറ്റ് |
| 6 | പദ്യം ചൊല്ലൽ കന്നട | 5 മിനിറ്റ് |
| 7 | പദ്യം ചൊല്ലൽ ഇംഗ്ലീഷ് | 5 മിനിറ്റ് |
| 8 | പദ്യം ചൊല്ലൽ അറബിക് | 5 മിനിറ്റ് |
| 9 | ചിത്രരചന പെൻസിൽ | 120 മിനിറ്റ് |
| 10 | ചിത്രരചന ജലച്ചായം | 120 മിനിറ്റ് |
| 11 | ലളിതഗാനം | 5 മിനിറ്റ് |
| 12 | ശാസ്ത്രീയ സംഗീതം | 10 മിനിറ്റ് |
| 13 | മാപ്പിളപ്പാട്ട് | 5 മിനിറ്റ് |
| 14 | മോണോ ആക്റ്റ് | 5 മിനിറ്റ് |
| 15 | കഥാകഥനം (ഒന്നും രണ്ടും ക്ലാസ്സുകൾക്ക് മാത്രം) | 5 മിനിറ്റ് |

| | | |
|---|---|---|
| 16 | ആംഗ്യപ്പാട്ട് –മലയാളം (ഒന്നും രണ്ടും ക്ലാസ്സുകൾക്ക് മാത്രം) | 5 മിനിറ്റ് |
| 17 | ആംഗ്യപ്പാട്ട് –ഇംഗ്ലീഷ് (ഒന്നും രണ്ടും ക്ലാസ്സുകൾക്ക് മാത്രം) | 5 മിനിറ്റ് |
| 18 | കടങ്കഥ (മൂന്നും നാലും ക്ലാസ്സുകൾക്ക് മാത്രം) | വിധികർത്താക്കൾ നിശ്ചയിക്കും |
| 19 | നാടോടിനൃത്തം | 5 മിനിറ്റ് |
| 20 | ഭരതനാട്യം | 10 മിനിറ്റ് |
| 21 | സംഘഗാനം ( 7 പേർ) | 10 മിനിറ്റ് |
| 22 | സംഘനൃത്തം ( 7 പേർ) | 10 മിനിറ്റ് |
| 23 | ദേശഭക്തിഗാനം (7 പേർ) | 5 മിനിറ്റ് |

2.05 ഒന്നു മുതൽ ഇരുപതു വരെയുള്ള ഇനങ്ങളിൽ 'എ' ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ 11 ഇനങ്ങളും 21 മുതൽ 23 വരെയുള്ള ഇനങ്ങളിൽ 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ രണ്ടു ഗ്രൂപ്പുകളും ഉപജില്ലാതല മത്സരത്തിന് അയയ്ക്കാവുന്നതാണ്.

2.06 നൃത്തേതരയിനങ്ങൾ ആവശ്യമെങ്കിൽ ക്ലസ്റ്റർ/പഞ്ചായത്തുതലത്തിൽ നടത്താവുന്ന താണ്.

2.07 നൃത്തയിനങ്ങൾ സ്കൂളിൽനിന്നും ഉപജില്ലാതല മത്സരത്തിലേക്കു നേരിട്ട് അയയ്ക്കേണ്ടതാണ്.

2.08 അധ്യയന ദിവസം നഷ്ടപ്പെടാതിരിക്കാൻ സ്കൂൾതല കലോത്സവം വെള്ളി, ശനി ദിവസങ്ങൾ ഉൾപ്പെടുത്തി നടത്തുന്നതാണ്.

# അധ്യായം – 3

## കാറ്റഗറി – II ലെ മത്സരങ്ങൾ

3.01 സ്കൂൾ, ഉപജില്ല, ജില്ല എന്നീ മൂന്നു തലങ്ങളിൽ മത്സരം ഉണ്ടായിരിക്കും. ഗ്രാമപഞ്ചായത്ത്/ക്ലസ്റ്റർ എന്നീ തലങ്ങളിൽ ആവശ്യമെങ്കിൽ സ്ക്രീനിംഗ് നടത്താവുന്നതാണ്.

3.02 അഞ്ചു മുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികളാണ് ഈ കാറ്റഗറിയിലെ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഹൈസ്കൂൾ, ടി.ടി.ഐ എന്നിവയോടു ചേർന്നുള്ള യു.പി വിഭാഗത്തിലെ കുട്ടികളും ഈ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

3.03 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കുന്നതല്ല.

3.04 ഈ വിഭാഗത്തിൽ താഴെപ്പറയുന്ന ഇനങ്ങളിൽ മത്സരം ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| 1 | പ്രസംഗം മലയാളം | 5 മിനിറ്റ് |
| 2 | പ്രസംഗം ഇംഗ്ലീഷ് | |
| 3 | പ്രസംഗം ഹിന്ദി | |
| 4 | പ്രസംഗം തമിഴ് | |
| 5 | പ്രസംഗം കന്നട | |
| 6 | പദ്യം ചൊല്ലൽ മലയാളം | 5 മിനിറ്റ് |
| 7 | പദ്യം ചൊല്ലൽ ഇംഗ്ലീഷ് | |
| 8 | പദ്യം ചൊല്ലൽ അറബിക് | |
| 9 | പദ്യം ചൊല്ലൽ ഉറുദു | |
| 10 | പദ്യം ചൊല്ലൽ ഹിന്ദി | |
| 11 | പദ്യം ചൊല്ലൽ തമിഴ് | |
| 12 | പദ്യം ചൊല്ലൽ കന്നട | |
| 13 | ക്വിസ് (ഉറുദു) | സമയം വിധികർത്താക്കൾ നിശ്ചയിക്കും |
| 14 | അക്ഷരശ്ലോകം | സമയം വിധികർത്താക്കൾ നിശ്ചയിക്കും |
| 15 | ലളിതഗാനം | 5 മിനിറ്റ് |
| 16 | ശാസ്ത്രീയ സംഗീതം | 10 മിനിറ്റ് |
| 17 | മാപ്പിളപ്പാട്ട് | 5 മിനിറ്റ് |
| 18 | നാടോടി നൃത്തം | 5 മിനിറ്റ് |

| | | |
|---|---|---|
| 19 | ചിത്രരചന (പെൻസിൽ) | 120 മിനിറ്റ് |
| 20 | ചിത്രരചന (ജലച്ഛായം) | 120 മിനിറ്റ് |
| 21 | ഭരതനാട്യം | 10 മിനിറ്റ് |
| 22 | മോഹിനിയാട്ടം (പെൺ) | 10 മിനിറ്റ് |
| 23 | കുച്ചുപ്പുടി | 10 മിനിറ്റ് |
| 24 | മോണോ ആക്ട് | 5 മിനിറ്റ് |
| 25 | കഥാപ്രസംഗം (1+4 പിന്നണി)<br>(പിന്നണി കുട്ടികളായിരിക്കണം) | 10 മിനിറ്റ് |
| 26 | ഓട്ടൻ തുള്ളൽ | 10 മിനിറ്റ് |
| 27 | കഥാരചന (മലയാളം) | 120 മിനിറ്റ് |
| 28 | കവിതാരചന (മലയാളം) | 120 മിനിറ്റ് |
| 29 | കഥാരചന (ഹിന്ദി) | 120 മിനിറ്റ് |
| 30 | കവിതാരചന (ഉറുദു) | 120 മിനിറ്റ് |
| 31 | സ്കിറ്റ് (ഇംഗ്ലീഷ്) (7+1)<br>(പിന്നണി കുട്ടികളായിരിക്കണം) | 10 മിനിറ്റ് |
| 32 | സംഘഗാനം (7 പേർ) | 10 മിനിറ്റ് |
| 33 | തിരുവാതിര (10 പേർ) | 10 മിനിറ്റ് |
| 34 | ഒപ്പന (10 പേർ) | 10 മിനിറ്റ് |
| 35 | സംഘനൃത്തം (7 പേർ) | 10 മിനിറ്റ് |
| 36 | ദേശഭക്തിഗാനം (7 പേർ) | 5 മിനിറ്റ് |
| 37 | നാടകം<br>(പിന്നണി ഉൾപ്പെടെ 10 കുട്ടികൾ ആയിരിക്കണം. രംഗസജ്ജീകരണം പരമാവധി 15 മിനിറ്റ് ) | 30 മിനിറ്റ് |
| 38 | സംഘഗാനം (ഉറുദു) 7 പേർ | 10 മിനിറ്റ് |

3.05 1 മുതൽ 30 വരെയുള്ള ഇനങ്ങളിൽ 'എ' ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ 13 ഇനങ്ങളും 31 മുതൽ 38 വരെയുള്ള ഗ്രൂപ്പിനങ്ങളിൽ 'എ' ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ 3 ഗ്രൂപ്പ് ഇനങ്ങളും ഉപജില്ലാ മത്സരത്തിന് അയയ്ക്കാവുന്നതാണ്.

# അധ്യായം – 4

## കാറ്റഗറി – III ലെ മത്സരങ്ങൾ

4.01 സ്കൂൾ, ഉപജില്ല, റവന്യൂജില്ല, സംസ്ഥാനം എന്നീ നാലുതലങ്ങളിൽ മത്സരം ഉണ്ടായിരിക്കും.

4.02 എട്ടു മുതൽ പത്തുവരെ ക്ലാസ്സുകളിലെ കുട്ടികളാണ് ഈ കാറ്റഗറിയിലെ മത്സരത്തിൽ പങ്കെടുക്കേണ്ടത്.

4.03 മത്സരയിനങ്ങൾ താഴെക്കൊടുത്തിരിക്കുന്നതുപോലെ പതിനഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

### വിഭാഗം – 1

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ചിത്രരചന – പെൻസിൽ | 120 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 4 ഇനം. 4 കുട്ടികൾ |
| 2 | ചിത്രരചന – ജലച്ചായം | 120 മിനിറ്റ് | |
| 3 | ചിത്രരചന – എണ്ണച്ചായം | 120 മിനിറ്റ് | |
| 4 | കാർട്ടൂൺ | 120 മിനിറ്റ് | |

### വിഭാഗം – 2

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ശാസ്ത്രീയ സംഗീതം (ആൺ) | 10 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 4 ഇനം. 4 കുട്ടികൾ |
| 2 | ശാസ്ത്രീയ സംഗീതം (പെൺ) | 10 മിനിറ്റ് | |
| 3 | കഥകളി സംഗീതം (ആൺ) | 10 മിനിറ്റ് | |
| 4 | കഥകളി സംഗീതം (പെൺ) | 10 മിനിറ്റ് | |
| 5 | ഉറുദു ഗസൽ ആലാപനം | 10 മിനിറ്റ് | |
| 6 | ലളിത ഗാനം (ആൺ) | 5 മിനിറ്റ് | |
| 7 | ലളിത ഗാനം (പെൺ) | | |
| 8 | മാപ്പിളപ്പാട്ട് (ആൺ) | 5 മിനിറ്റ് | |
| 9 | മാപ്പിളപ്പാട്ട് (പെൺ) | 5 മിനിറ്റ് | |

## വിഭാഗം – 3

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | വീണ | 10 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 4 ഇനം 4 കുട്ടികൾ |
| 2 | വയലിൻ (പാശ്ചാത്യം) | 10 മിനിറ്റ് | |
| 3 | വയലിൻ (പൗരസ്ത്യം) | 10 മിനിറ്റ് | |
| 4 | ഓടക്കുഴൽ | 10 മിനിറ്റ് | |
| 5 | നാദസ്വരം | 10 മിനിറ്റ് | |
| 6 | ചെണ്ട (തായമ്പക) (1+5) പിന്നണി കുട്ടികളായിരിക്കണം | 10 മിനിറ്റ് | |
| 7 | ഗിത്താർ (പാശ്ചാത്യം) | 10 മിനിറ്റ് | |
| 8 | തബല | 10 മിനിറ്റ് | |
| 9 | മൃദംഗം/ഗഞ്ചിറ/ഘടം | 10 മിനിറ്റ് | |
| 10 | മദ്ദളം (1+3) (പിന്നണി കുട്ടികളായിരിക്കണം) | 10 മിനിറ്റ് | |

## വിഭാഗം – 4

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | കഥകളി സിംഗിൾ (ആൺ) | 15 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം 3 കുട്ടികൾ |
| 2 | കഥകളി സിംഗിൾ (പെൺ) | 15 മിനിറ്റ് | |
| 3 | തുള്ളൽ (ആൺ) (പറയൻ തുള്ളൽ/ ഓട്ടൻ തുള്ളൽ / ശീതങ്കൻ തുള്ളൽ) | 10 മിനിറ്റ് | |
| 4 | തുള്ളൽ (പെൺ) (പറയൻ തുള്ളൽ/ ഓട്ടൻ തുള്ളൽ / ശീതങ്കൻ തുള്ളൽ) | 10 മിനിറ്റ് | |
| 5 | നാടോടി നൃത്തം (ആൺ) | 5 മിനിറ്റ് | |
| 6 | നാടോടി നൃത്തം (പെൺ) | 5 മിനിറ്റ് | |
| 7 | ചാക്യാർ കൂത്ത് (ആൺ) | 20 മിനിറ്റ് | |
| 8 | നങ്ങ്യാർ കൂത്ത് (പെൺ) | 20 മിനിറ്റ് | |

## വിഭാഗം – 5

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ഭരതനാട്യം (ആൺ) | 10 മിനിറ്റ് | ‘എ’ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 4 ഇനം. 4 കുട്ടികൾ |
| 2 | ഭരതനാട്യം (പെൺ) | 10 മിനിറ്റ് | |
| 3 | കുച്ചുപ്പുടി (ആൺ) | 10 മിനിറ്റ് | |
| 4 | കുച്ചുപ്പുടി (പെൺ) | 10 മിനിറ്റ് | |
| 5 | മോഹിനിയാട്ടം (പെൺ) | 10 മിനിറ്റ് | |
| 6 | കേരള നടനം (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക മത്സരം) | 15 മിനിറ്റ് | |

## വിഭാഗം – 6

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാ തലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | പ്രസംഗം (മലയാളം) | 5 മിനിറ്റ് | പൊതുമത്സരം<br>‘എ’ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം. 3 കുട്ടികൾ |
| 2 | പ്രസംഗം (ഇംഗ്ളീഷ്) | 5 മിനിറ്റ് | |
| 3 | പ്രസംഗം (ഹിന്ദി) | 5 മിനിറ്റ് | |
| 4 | പ്രസംഗം (തമിഴ്) | 5 മിനിറ്റ് | |
| 5 | പ്രസംഗം (കന്നട) | 5 മിനിറ്റ് | |
| 6 | പ്രസംഗം (ഉറുദു) | 5 മിനിറ്റ് | |

## വിഭാഗം – 7

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | കവിതാ രചന (മലയാളം) | 120 മിനിറ്റ് | പൊതുമത്സരം<br>‘എ’ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 14 ഇനം. 14 കുട്ടികൾ |
| 2 | കവിതാ രചന (ഇംഗ്ലീഷ്) | 120 മിനിറ്റ് | |
| 3 | കവിതാ രചന (ഹിന്ദി) | 120 മിനിറ്റ് | |
| 4 | കവിതാ രചന (തമിഴ്) | 120 മിനിറ്റ് | |

| | | | |
|---|---|---|---|
| 5 | കവിതാ രചന (കന്നട) | 120 മിനിറ്റ് | |
| 6 | കവിതാ രചന (ഉറുദു) | 120 മിനിറ്റ് | |
| 7 | കഥാരചന (മലയാളം) | 120 മിനിറ്റ് | |
| 8 | കഥാ രചന (ഹിന്ദി) | 120 മിനിറ്റ് | |
| 9 | കഥാ രചന (ഇംഗ്ലീഷ്) | 120 മിനിറ്റ് | |
| 10 | കഥാ രചന (ഉറുദു) | 120 മിനിറ്റ് | |
| 11 | ഉപന്യാസം (മലയാളം) | 120 മിനിറ്റ് | |
| 12 | ഉപന്യാസം (ഇംഗ്ലീഷ്) | 120 മിനിറ്റ് | |
| 13 | ഉപന്യാസം (ഹിന്ദി) | 120 മിനിറ്റ് | |
| 14 | ഉപന്യാസം (ഉറുദു) | 120 മിനിറ്റ് | |

**വിഭാഗം – 8**

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | പദ്യം ചൊല്ലൽ (മലയാളം) | 5 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം ( 3 കുട്ടികൾ) |
| 2 | പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) | 5 മിനിറ്റ് | |
| 3 | പദ്യം ചൊല്ലൽ (ഹിന്ദി) | 5 മിനിറ്റ് | |
| 4 | പദ്യം ചൊല്ലൽ (അറബിക്) | 5 മിനിറ്റ് | |
| 5 | പദ്യം ചൊല്ലൽ (ഉറുദു) | 5 മിനിറ്റ് | |
| 6 | പദ്യം ചൊല്ലൽ (തമിഴ്) | 5 മിനിറ്റ് | |
| 7 | പദ്യം ചൊല്ലൽ (കന്നട) | 5 മിനിറ്റ് | |

**വിഭാഗം – 9**

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | അക്ഷരശ്ലോകം | സമയം വിധികർത്താക്കൾ നിശ്ചയിക്കും | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 1 ഇനം. 1 കുട്ടി |
| 2 | കാവ്യകേളി | | |

## വിഭാഗം – 10

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | മോണോ ആക്ട് (ആൺകുട്ടി കൾക്കും പെൺകുട്ടികൾക്കും പ്രത്യേക മത്സരം) | 5 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഇനം (2 കുട്ടികൾ) |
| 2 | മിമിക്രി (ആൺ) | 5 മിനിറ്റ് | |
| 3 | മിമിക്രി (പെൺ) | 5 മിനിറ്റ് | |
| 4 | കഥാ പ്രസംഗം (പൊതുമത്സരം) (1+4 പിന്നണി) പിന്നണി കുട്ടികൾ ആയിരിക്കണം | 15 മിനിറ്റ് | |

## വിഭാഗം – 11

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | പരിചമുട്ട് – 8 പേർ (ആൺ) | 10 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം. 3 ഗ്രൂപ്പ് |
| 2 | പൂരക്കളി - 12 പേർ (ആൺ) | 20 മിനിറ്റ് | |
| 3 | കോൽക്കളി –12 പേർ (ആൺ) | 10 മിനിറ്റ് | |
| 4 | അറബനമുട്ട് –10 പേർ (ആൺ) | 10 മിനിറ്റ് | |
| 5 | ദഫ്മുട്ട് –10 പേർ (ആൺ) | 10 മിനിറ്റ് | |

## വിഭാഗം – 12

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | മാർഗ്ഗംകളി – 7 പേർ (പെൺ) | 10 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം. 3 ഗ്രൂപ്പ് |
| 2 | തിരുവാതിരക്കളി – 10 പേർ (പെൺ) | 10 മിനിറ്റ് | |
| 3 | ഒപ്പന – 10 പേർ (പെൺ) | 10 മിനിറ്റ് | |
| 4 | വട്ടപ്പാട്ട് – 10 പേർ (ആൺ) | 10 മിനിറ്റ് | |
| 5 | സംഘ നൃത്തം – 7 പേർ (പെൺ) | 10 മിനിറ്റ് | |
| 6 | കഥകളി ഗ്രൂപ്പ് (പൊതുമത്സരം) (2 പേർ മുതൽ 4 പേർ വരെ) | 30 മിനിറ്റ് | |

## വിഭാഗം – 13

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | സംഘഗാനം – 7 പേർ | 10 മിനിറ്റ് | പൊതുമത്സരം 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഇനം. 2 ഗ്രൂപ്പ് |
| 2 | സംഘഗാനം (ഉറുദു) – 7 പേർ | 10 മിനിറ്റ് | |
| 3 | വഞ്ചിപ്പാട്ട് | 10 മിനിറ്റ് | |
| 4 | നാടൻപാട്ട് | 10 മിനിറ്റ് | |
| 5 | ദേശഭക്തി ഗാനം (7 പേർ) | 5 മിനിറ്റ് | |

## വിഭാഗം – 14

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ബാന്റ് മേളം – 20 പേർ | 20 മിനിറ്റ് | പൊതുമത്സരം 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഇനം, 2 ഗ്രൂപ്പ് |
| 2 | വൃന്ദവാദ്യം – 7 പേർ | 10 മിനിറ്റ് | |
| 3 | പഞ്ചവാദ്യം – 7 പേർ | 20 മിനിറ്റ് | |
| 4 | ചെണ്ടമേളം – 7 പേർ | 10 മിനിറ്റ് | |
| 5 | സ്കിറ്റ് (ഇംഗ്ലീഷ്) (7+1) പിന്നണി കുട്ടികളായിരിക്കണം | 10 മിനിറ്റ് | |

## വിഭാഗം – 15

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | യക്ഷഗാനം – 7 പേർ | 30 മിനിറ്റ് | പൊതുമത്സരം 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഇനം, 2 ഗ്രൂപ്പ് |
| 2 | ചവിട്ടുനാടകം – 10 പേർ | 20 മിനിറ്റ് | |
| 3 | നാടകം – (7+3) 10 കുട്ടികൾ<br>പിന്നണി കുട്ടികൾ തന്നെ ആയിരിക്കണം.<br>രംഗസജ്ജീകരണം പരമാവധി 15 മിനിറ്റ്. | 30 മിനിറ്റ് | |

## വിഭാഗം – 16

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | മംഗലംകളി | 15 മിനിറ്റ് | പൊതുമത്സരം 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം, 3 ഗ്രൂപ്പ് |
| 2 | ഇരുള നൃത്തം | 15 മിനിറ്റ് | |
| 3 | പളിയ നൃത്തം | 15 മിനിറ്റ് | |
| 4 | മലപുലയ ആട്ടം | 15 മിനിറ്റ് | |
| 5 | പണിയ നൃത്തം | 15 മിനിറ്റ് | |

4.04 സ്കൂൾതലത്തിൽ എ ഗ്രേഡോടെ ടോപ്പ് സ്കോർ നേടിയ വിദ്യാർത്ഥിയെ മാന്വലിൽ പറഞ്ഞ പ്രകാരം അടുത്തഘട്ട മത്സരത്തിന് അയയ്ക്കേണ്ടതാണ്.

# അധ്യായം – 5

## കാറ്റഗറി – IV ലെ മത്സരങ്ങൾ

5.01 സ്കൂൾ, ഉപജില്ല, റവന്യൂജില്ല, സംസ്ഥാനം എന്നീ നാലുതലങ്ങളിൽ മത്സരം ഉണ്ടായിരിക്കും.

5.02 ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ കാറ്റഗറി മത്സരത്തിൽ പങ്കെടുക്കേണ്ടത്.

5.03 മത്സരയിനങ്ങൾ താഴെ കൊടുത്തിരിക്കുന്നതുപോലെ 14 വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു.

### വിഭാഗം – 1

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ചിത്രരചന – പെൻസിൽ | 120 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 5 ഇനം 5 കുട്ടികൾ |
| 2 | ചിത്രരചന – ജലച്ചായം | 120 മിനിറ്റ് | |
| 3 | ചിത്രരചന – എണ്ണച്ചായം | 120 മിനിറ്റ് | |
| 4 | കാർട്ടൂൺ | 120 മിനിറ്റ് | |
| 5 | കൊളാഷ് | 120 മിനിറ്റ് | |

### വിഭാഗം – 2

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ശാസ്ത്രീയ സംഗീതം (ആൺ) | 10 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 5 ഇനം 5 കുട്ടികൾ |
| 2 | ശാസ്ത്രീയ സംഗീതം (പെൺ) | 10 മിനിറ്റ് | |
| 3 | ലളിത ഗാനം (ആൺ) | 5 മിനിറ്റ് | |
| 4 | ലളിത ഗാനം (പെൺ) | 5 മിനിറ്റ് | |
| 5 | മാപ്പിളപ്പാട്ട് (ആൺ) | 5 മിനിറ്റ് | |

| | | | |
|---|---|---|---|
| 6 | മാപ്പിളപ്പാട്ട് (പെൺ) | 5 മിനിറ്റ് | |
| 7 | കഥകളി സംഗീതം (ആൺ) | 10 മിനിറ്റ് | |
| 8 | കഥകളി സംഗീതം (പെൺ) | 10 മിനിറ്റ് | |
| 9 | ഗസൽ ആലാപനം (ഉറുദു) | 10 മിനിറ്റ് | |

**വിഭാഗം – 3**

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ക്ലാർനെറ്റ്/ബ്യൂഗിൾ | 10 മിനിറ്റ് | പൊതുമത്സരം<br><br>'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 4 ഇനം 4 കുട്ടികൾ |
| 2 | നാദസ്വരം | 10 മിനിറ്റ് | |
| 3 | വയലിൻ (പാശ്ചാത്യം) | 10 മിനിറ്റ് | |
| 4 | വയലിൻ (പൗരസ്ത്യം) | 10 മിനിറ്റ് | |
| 5 | ഗിത്താർ | 10 മിനിറ്റ് | |
| 6 | ഓടക്കുഴൽ | 10 മിനിറ്റ് | |
| 7 | വീണ/വിചിത്രവീണ | 10 മിനിറ്റ് | |
| 8 | ട്രിപ്പിൾ/ജാസ് (പാശ്ചാത്യം) | 10 മിനിറ്റ് | |
| 9 | ചെണ്ട (തായമ്പക) (1+5)<br>പിന്നണി കുട്ടികൾ ആയിരിക്കണം | 10 മിനിറ്റ് | |
| 10 | മൃദംഗം | 10 മിനിറ്റ് | |
| 11 | മദ്ദളം (1+3)<br>പിന്നണി കുട്ടികൾ ആയിരിക്കണം | 10 മിനിറ്റ് | |
| 12 | തബല | 10 മിനിറ്റ് | |

**വിഭാഗം – 4**

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | തുള്ളൽ (ആൺ)<br>(ഓട്ടൻ തുള്ളൽ/ പറയൻ തുള്ളൽ / ശീതങ്കൻ തുള്ളൽ) | 10 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 5 ഇനം 5 കുട്ടികൾ |
| 2 | തുള്ളൽ (പെൺ)<br>(ഓട്ടൻ തുള്ളൽ/ പറയൻ തുള്ളൽ / ശീതങ്കൻ തുള്ളൽ) | 10 മിനിറ്റ് | |
| 3 | നാടോടി നൃത്തം (ആൺ) | 5 മിനിറ്റ് | |

| | | | |
|---|---|---|---|
| 4 | നാടോടി നൃത്തം (പെൺ) | 5 മിനിറ്റ് | |
| 5 | കഥകളി സിംഗിൾ (ആൺ) | 15 മിനിറ്റ് | |
| 6 | കഥകളി സിംഗിൾ (പെൺ) | 15 മിനിറ്റ് | |
| 7 | ഭരതനാട്യം (ആൺ) | 10 മിനിറ്റ് | |
| 8 | ഭരതനാട്യം (പെൺ) | 10 മിനിറ്റ് | |
| 9 | കുച്ചുപ്പുടി (ആൺ) | 10 മിനിറ്റ് | |
| 10 | കുച്ചുപ്പുടി (പെൺ) | 10 മിനിറ്റ് | |
| 11 | ചാക്യാർ കൂത്ത് (ആൺ) | 20 മിനിറ്റ് | |
| 12 | നങ്ങ്യാർ കൂത്ത് (പെൺ) | 20 മിനിറ്റ് | |
| 13 | കേരള നടനം (ആൺകുട്ടി കൾക്കും പെൺകുട്ടികൾക്കും പ്രത്യേക മത്സരം) | 15 മിനിറ്റ് | |
| 14 | മോഹിനിയാട്ടം (പെൺ) | 10 മിനിറ്റ് | |

**വിഭാഗം – 5**

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടു ക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | പ്രസംഗം (മലയാളം) | 5 മിനിറ്റ് | പൊതുമത്സരം<br>'എ' ഗ്രേഡോടെ<br>ടോപ് സ്കോർ നേടിയ<br>3 ഇനം<br>3 കുട്ടികൾ |
| 2 | പ്രസംഗം (ഇംഗ്ലീഷ്) | 5 മിനിറ്റ് | |
| 3 | പ്രസംഗം (സംസ്കൃതം) | 5 മിനിറ്റ് | |
| 4 | പ്രസംഗം (ഹിന്ദി) | 5 മിനിറ്റ് | |
| 5 | പ്രസംഗം (ഉറുദു) | 5 മിനിറ്റ് | |
| 6 | പ്രസംഗം (അറബി) | 5 മിനിറ്റ് | |
| 7 | (ഉറുദു) ക്വിസ് | സമയം വിധികർത്താക്കൾ നിശ്ചയിക്കും | |

**വിഭാഗം – 6**

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടു ക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ഉപന്യാസം (മലയാളം) | 120 മിനിറ്റ് | പൊതുമത്സരം<br>'എ' ഗ്രേഡോടെ |
| 2 | ഉപന്യാസം (ഇംഗ്ലീഷ്) | 120 മിനിറ്റ് | |
| 3 | ഉപന്യാസം (ഹിന്ദി) | 120 മിനിറ്റ് | |
| 4 | ഉപന്യാസം (സംസ്കൃതം) | 120 മിനിറ്റ് | |
| 5 | ഉപന്യാസം (അറബി) | 120 മിനിറ്റ് | |

| | | | |
|---|---|---|---|
| 6 | ഉപന്യാസം (ഉറുദു) | 120 മിനിറ്റ് | ടോപ് സ്കോർ നേടിയ<br>18 ഇനം<br><br>( 18 കുട്ടികൾ) |
| 7 | കഥാ രചന (മലയാളം) | 120 മിനിറ്റ് | |
| 8 | കഥാ രചന (ഇംഗ്ലീഷ്) | 120 മിനിറ്റ് | |
| 9 | കഥാ രചന (ഹിന്ദി) | 120 മിനിറ്റ് | |
| 10 | കഥാ രചന (സംസ്കൃതം) | 120 മിനിറ്റ് | |
| 11 | കഥാ രചന (അറബി) | 120 മിനിറ്റ് | |
| 12 | കഥാ രചന (ഉറുദു) | 120 മിനിറ്റ് | |
| 13 | കവിതാ രചന (മലയാളം) | 120 മിനിറ്റ് | |
| 14 | കവിതാ രചന (ഇംഗ്ലീഷ്) | 120 മിനിറ്റ് | |
| 15 | കവിതാ രചന (ഹിന്ദി) | 120 മിനിറ്റ് | |
| 16 | കവിതാ രചന (അറബി) | 120 മിനിറ്റ് | |
| 17 | കവിതാ രചന (സംസ്കൃതം) | 120 മിനിറ്റ് | |
| 18 | കവിതാ രചന (ഉറുദു) | 120 മിനിറ്റ് | |

## വിഭാഗം – 7

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | പദ്യം ചൊല്ലൽ (മലയാളം) | 5 മിനിറ്റ് | പൊതുമത്സരം<br><br>3 ഇനം<br>3 കുട്ടികൾ |
| 2 | പദ്യം ചൊല്ലൽ (ഇംഗ്ളീഷ്) | 5 മിനിറ്റ് | |
| 3 | പദ്യം ചൊല്ലൽ (ഹിന്ദി) | 5 മിനിറ്റ് | |
| 4 | പദ്യം ചൊല്ലൽ (സംസ്കൃതം) | 5 മിനിറ്റ് | |
| 5 | പദ്യം ചൊല്ലൽ (അറബിക്) | 5 മിനിറ്റ് | |
| 6 | പദ്യം ചൊല്ലൽ (ഉറുദു) | 5 മിനിറ്റ് | |
| 7 | പദ്യം ചൊല്ലൽ (തമിഴ്) | 5 മിനിറ്റ് | |
| 8 | പദ്യം ചൊല്ലൽ (കന്നട) | 5 മിനിറ്റ് | |

## വിഭാഗം – 8

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | അക്ഷരശ്ലോകം | സമയം വിധികർത്താക്കൾ നിശ്ചയിക്കും | 1 ഇനം. 1 കുട്ടി |
| 2 | കാവ്യകേളി | | |

## വിഭാഗം – 9

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | മോണോ ആക്ട് (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക മത്സരം) | 5 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഇനം (2 കുട്ടികൾ) |
| 2 | മിമിക്രി (ആൺ) | 5 മിനിറ്റ് | |
| 3 | മിമിക്രി (പെൺ) | 5 മിനിറ്റ് | |
| 4 | കഥാ പ്രസംഗം (പൊതുമത്സരം) (1+4 പിന്നണി) പിന്നണി കുട്ടികൾ ആയിരിക്കണം | 15 മിനിറ്റ് | |

## വിഭാഗം – 10

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | സംഘ നൃത്തം – 7 പേർ (പെൺ) | 10 മിനിറ്റ് | 'എ' ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം, 3 ഗ്രൂപ്പ് |
| 2 | തിരുവാതിരക്കളി – 10 പേർ (8+2 പെൺ) | 10 മിനിറ്റ് | |
| 3 | മാർഗ്ഗംകളി – 7 പേർ (പെൺ) | 10 മിനിറ്റ് | |
| 4 | ഒപ്പന – 10 പേർ (പെൺ) | 10 മിനിറ്റ് | |
| 5 | വട്ടപ്പാട്ട് – 10 പേർ (ആൺ) | 10 മിനിറ്റ് | |
| 6 | കഥകളി ഗ്രൂപ്പ് (പൊതുമത്സരം) കുറഞ്ഞത് 2 പേർ മുതൽ 4 പേർ വരെ | 30 മിനിറ്റ് | |

## വിഭാഗം – 11

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | ബാന്റ്മേളം – 20 പേർ | 20 മിനിറ്റ് | പൊതുമത്സരം |
| 2 | വൃന്ദവാദ്യം – 7 പേർ | 10 മിനിറ്റ് | |
| 3 | ചെണ്ടമേളം – 7 പേർ | 10 മിനിറ്റ് | |

| | | | |
|---|---|---|---|
| 4 | പഞ്ചവാദ്യം – 7 പേർ | 20 മിനിറ്റ് | ‘എ’ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം, 3 ഗ്രൂപ്പ് |
| 5 | സ്കിറ്റ് (ഇംഗ്ലീഷ്) (7+1)<br>പിന്നണി കുട്ടികളായിരിക്കണം. | 10 മിനിറ്റ് | |
| 6 | മൂകാഭിനയം – 7 പേർ (6 +1) | 5 മിനിറ്റ് | |

## വിഭാഗം – 12

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | പരിചമുട്ട് – 8 പേർ (ആൺ) | 10 മിനിറ്റ് | ‘എ’ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 3 ഇനം, 3 ഗ്രൂപ്പ് |
| 2 | അറബനമുട്ട് –10 പേർ (ആൺ) | 10 മിനിറ്റ് | |
| 3 | കോൽക്കളി –12 പേർ (ആൺ) | 10 മിനിറ്റ് | |
| 4 | ദഫ്മുട്ട് –10 പേർ (ആൺ) | 10 മിനിറ്റ് | |
| 5 | പൂരക്കളി - 12 പേർ (ആൺ) | 20 മിനിറ്റ് | |

## വിഭാഗം – 13

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | സംഘഗാനം – 7 പേർ | 10 മിനിറ്റ് | പൊതുമത്സരം ‘എ’ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഇനം, 2 ഗ്രൂപ്പ് |
| 2 | ദേശഭക്തിഗാനം – 7 പേർ | 5 മിനിറ്റ് | |
| 3 | നാടൻപാട്ട് –7 പേർ | 10 മിനിറ്റ് | |
| 4 | വഞ്ചിപ്പാട്ട് – 10 പേർ | 10 മിനിറ്റ് | |

## വിഭാഗം – 14

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | നാടകം (7+3) (രംഗസജ്ജീകരണം പരാമാവധി 15 മിനിറ്റ്)<br>പിന്നണി കുട്ടികളായിരിക്കണം. | 30 മിനിറ്റ് | പൊതുമത്സരം ‘എ’ ഗ്രേഡോടെ ടോപ് സ്കോർ നേടിയ 2 ഇനം, 2 ഗ്രൂപ്പ് |
| 2 | ചവിട്ടുനാടകം– 10 പേർ | 20 മിനിറ്റ് | |
| 3 | കൂടിയാട്ടം – 7 പേർ | 30 മിനിറ്റ് | |

## വിഭാഗം – 15

| നം. | ഇനം | സമയം | സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടു ക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1 | മംഗലംകളി | 15 മിനിറ്റ് | പൊതുമത്സരം<br><br>'എ' ഗ്രേഡോടെ<br>ടോപ് സ്കോർ നേടിയ<br>3 ഇനം, 3 ഗ്രൂപ്പ് |
| 2 | ഇരുള നൃത്തം | 15 മിനിറ്റ് | |
| 3 | പളിയ നൃത്തം | 15 മിനിറ്റ് | |
| 4 | മലപുലയ ആട്ടം | 15 മിനിറ്റ് | |
| 5 | പണിയ നൃത്തം | 15 മിനിറ്റ് | |

# അധ്യായം – 6

## സംസ്കൃതോത്സവം

സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾക്ക് മാത്രമേ സംസ്കൃതോത്സവത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.

സ്കൂൾ കലോത്സവ മാന്വലിലെ നിബന്ധനകൾ സംസ്കൃതോത്സവത്തിനും ബാധകമാണ്.

### കാറ്റഗറി – I (V-VII)

6.01 ഈ കാറ്റഗറിയിൽ അഞ്ചു മുതൽ ഏഴു വരെ ക്ലാസ്സുകളിൽ സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന വിദ്യാർത്ഥികളാണു മത്സരത്തിൽ പങ്കെടുക്കേണ്ടത്.

6.02 സ്കൂൾ, ഉപജില്ല, ജില്ല എന്നീ തലങ്ങളിലാണ് മത്സരം നടക്കുക.

6.03 ഓരോ ഇനത്തിലും 'എ' ഗ്രേഡ് ലഭിച്ച് ഒന്നാം സ്ഥാനം നേടുന്നവർക്കു മാത്രമേ അടുത്ത തലത്തിലുള്ള മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

6.04 മത്സര ഇനങ്ങൾ താഴെക്കൊടുത്തിരിക്കുന്നതുപോലെ പത്തൊൻപതു വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു.

| നം. | ഇനം | സമയം |
|---|---|---|
| 1 | ഉപന്യാസ രചന (പൊതുമത്സരം) | 120 മിനിറ്റ് |
| 2 | കഥാരചന (പൊതുമത്സരം) | 120 മിനിറ്റ് |
| 3 | കവിതാരചന (പൊതുമത്സരം) | 120 മിനിറ്റ് |
| 4 | സമസ്യാപൂരണം (പൊതുമത്സരം) | 120 മിനിറ്റ് |
| 5 | അക്ഷരശ്ലോകം (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 6 | പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 7 | പദ്യം ചൊല്ലൽ (ആൺ) | 5 മിനിറ്റ് |
| 8 | പദ്യം ചൊല്ലൽ (പെൺ) | 5 മിനിറ്റ് |
| 9 | സിദ്ധരൂപോച്ചാരണം (ആൺ) | 5 മിനിറ്റ് |
| 10 | സിദ്ധരൂപോച്ചാരണം (പെൺ) | 5 മിനിറ്റ് |
| 11 | ഗാനാലാപനം (ആൺ) | 5 മിനിറ്റ് |
| 12 | ഗാനാലാപനം (പെൺ) | 5 മിനിറ്റ് |
| 13 | കഥാകഥനം (പൊതുമത്സരം) | 5 മിനിറ്റ് |
| 14 | ഗദ്യപാരായണം (പൊതുമത്സരം) | 5 മിനിറ്റ് |

| | | |
|---|---|---|
| 15 | പ്രഭാഷണം (പൊതുമത്സരം) | 5 മിനിറ്റ് |
| 16 | സംഘഗാനം (7 പേർ) (പൊതുമത്സരം) | 5 മിനിറ്റ് |
| 17 | നാടകം (7+3 പിന്നണി) (രംഗസജ്ജീകരണം പരമാവധി 15 മിനിറ്റ്) (പൊതുമത്സരം)<br>പിന്നണിയിൽ കുട്ടികൾ ആയിരിക്കണം | 30 മിനിറ്റ് |
| 18 | വന്ദേമാതരം (7 പേർ) (പൊതുമത്സരം) | 70 സെക്കന്റ് |
| 19 | കൂടിയാട്ടം (7 പേർ) (പൊതുമത്സരം) | 30 മിനിറ്റ് |

## കാറ്റഗറി – II (VIII-X)

6.05 ഈ കാറ്റഗറിയിൽ എട്ടു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

6.06 സ്കൂൾ, ഉപജില്ല, റവന്യൂജില്ല, സംസ്ഥാനം എന്നീ നാലു തലങ്ങളിലാണു മത്സരങ്ങൾ നടക്കുന്നത്.

6.07 മത്സര ഇനങ്ങൾ താഴെ കൊടുത്തിരിക്കുന്നതുപോലെ 19 ആയി തിരിച്ചിരിക്കുന്നു.

| നം. | ഇനം | സമയം |
|---|---|---|
| 1 | ഉപന്യാസ രചന (പൊതുമത്സരം) | 120 മിനിറ്റ് |
| 2 | കഥാരചന (പൊതുമത്സരം) | 120 മിനിറ്റ് |
| 3 | കവിതാ രചന (പൊതുമത്സരം) | 120 മിനിറ്റ് |
| 4 | സമസ്യാപൂരണം (പൊതുമത്സരം) | 120 മിനിറ്റ് |
| 5 | അക്ഷരശ്ലോകം (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |
| 6 | പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |
| 7 | പദ്യം ചൊല്ലൽ (പൊതുമത്സരം) | 5 മിനിറ്റ് |
| 8 | പ്രഭാഷണം (പൊതുമത്സരം) | 5 മിനിറ്റ് |
| 9 | ചമ്പുപ്രഭാഷണം (പൊതുമത്സരം) | 10 മിനിറ്റ് |
| 10 | പാഠകം (ആൺ) | 15 മിനിറ്റ് |
| 11 | പാഠകം (പെൺ) | 15 മിനിറ്റ് |
| 12 | അഷ്ടപദി (ആൺ) | 10 മിനിറ്റ് |
| 13 | അഷ്ടപദി (പെൺ) | 10 മിനിറ്റ് |
| 14 | ഗാനാലാപനം (ആൺ) | 5 മിനിറ്റ് |
| 15 | ഗാനാലാപനം (പെൺ) | 5 മിനിറ്റ് |

| | | |
|---|---|---|
| 16 | കൂടിയാട്ടം 7 പേർ (പൊതുമത്സരം) | 30 മിനിറ്റ് |
| 17 | നാടകം (7+3 പിന്നണി) (രംഗസജ്ജീകരണം പരമാവധി 15 മിനിറ്റ്) പൊതുമത്സരം<br>പിന്നണിയിൽ കുട്ടികൾ ആയിരിക്കണം | 30 മിനിറ്റ് |
| 18 | വന്ദേമാതരം (7 പേർ) പൊതുമത്സരം | 70 സെക്കന്റ് |
| 19 | സംഘഗാനം (7 പേർ) പൊതുമത്സരം | 5 മിനിറ്റ് |

6.08 ജില്ലാതലത്തിൽ 'എ' ഗ്രേഡ് കിട്ടി ടോപ് സ്കോർ നേടിയ ഒരു കുട്ടിയെ/ഒരു ഗ്രൂപ്പിനെയാണു സംസ്ഥാനതലത്തിൽ അയയ്ക്കേണ്ടത്.

6.09 ***ജനറൽ വിഭാഗം, സംസ്കൃതോത്സവം എന്നിവയിലായി ഒരു കുട്ടിക്ക് പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പ് ഇനങ്ങളിലും മാത്രമേ മത്സരിക്കുവാൻ പാടുള്ളൂ.***

# അധ്യായം – 7

## അറബിക് സാഹിത്യോത്സവം

7.01 പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽവരുന്ന അംഗീകൃത സ്കൂളുകളിൽ അറബി പഠിക്കുന്ന കുട്ടികൾക്ക് മാത്രമേ അറബി സാഹിത്യോത്സവത്തിൽ പങ്കെടുക്കുന്നതിന് അർഹതയുള്ളൂ.

7.02 സ്കൂൾ കലോത്സവ മാന്വലിലെ നിബന്ധനകൾ അറബി സാഹിത്യോത്സവത്തിനും ബാധകമാണ്.

7.03 അറബി സാഹിത്യോത്സവത്തിൽ അറബി പദ്യം ചൊല്ലലിൽ പങ്കെടുക്കുന്ന കുട്ടിക്കു സ്കൂൾ കലോത്സവത്തിലെ അറബി പദ്യം ചൊല്ലലിൽ പങ്കെടുക്കുന്നതിന് അർഹതയില്ല.

7.04 ***ജനറൽ വിഭാഗം, അറബിക് സാഹിത്യോത്സവം എന്നീ വിഭാഗങ്ങളിലായി ഒരു കുട്ടി പരമാവധി മൂന്നു വ്യക്തിഗത ഇനങ്ങളിലും രണ്ടു ഗ്രൂപ്പ് ഇനങ്ങളിലും മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.***

7.05 മത്സരയിനങ്ങൾ കാറ്റഗറി I ൽ (എൽ.പി) ഒൻപതും കാറ്റഗറി II ൽ (യു.പി) പതിമൂന്നും കാറ്റഗറി III ൽ (എച്ച്.എസ്) പത്തൊമ്പതും ആയിരിക്കും. അവ താഴെ കൊടുക്കുന്നു.

### കാറ്റഗറി I (I-IV)

| നം. | ഇനം | സമയം |
|---|---|---|
| 1 | കൈയെഴുത്ത് (പൊതുമത്സരം) | 10 മിനിറ്റ് |
| 2 | പദനിർമ്മാണം (പൊതുമത്സരം)<br>(ഒന്നാം ക്ലാസ്സിന് മാത്രം) | 15 മിനിറ്റ് |
| 3 | ഖുറാൻ പാരായണം (പൊതുമത്സരം) | 5 മിനിറ്റ് |
| 4 | പദ്യം ചൊല്ലൽ (പൊതുമത്സരം) | 5 മിനിറ്റ് |
| 5 | കഥാകഥനം (പൊതുമത്സരം) | 5 മിനിറ്റ് |
| 6 | പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |

| | | |
|---|---|---|
| 7 | അറബിഗാനം (പൊതുമത്സരം) | 5 മിനിറ്റ് |
| 8 | ആംഗ്യപ്പാട്ട് (പൊതുമത്സരം) | 5 മിനിറ്റ് |
| 9 | സംഘഗാനം 7 പേർ (പൊതുമത്സരം) | 5 മിനിറ്റ് |

## കാറ്റഗറി II (V-VII)

| നം. | ഇനം | സമയം |
|---|---|---|
| 1 | ഗദ്യവായന (പൊതുമത്സരം) | 5 മിനിറ്റ് |
| 2 | ഖുറാൻ പാരായണം (പൊതുമത്സരം) | 5 മിനിറ്റ് |
| 3 | പദ്യം ചൊല്ലൽ (പൊതുമത്സരം) | 5 മിനിറ്റ് |
| 4 | കഥാകഥനം (പൊതുമത്സരം) | 5 മിനിറ്റ് |
| 5 | പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |
| 6 | അറബിഗാനം (പൊതുമത്സരം) | 5 മിനിറ്റ് |
| 7 | പ്രസംഗം (പൊതുമത്സരം) | 5 മിനിറ്റ് |
| 8 | മോണോ ആക്ട് (പൊതുമത്സരം) | 5 മിനിറ്റ് |
| 9 | വിവർത്തനം (അറബിയിലേക്ക്) (പൊതുമത്സരം) | 15 മിനിറ്റ് |
| 10 | പദപ്പയറ്റ് (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്. |
| 11 | സംഘഗാനം 7 പേർ (പൊതുമത്സരം) | 5 മിനിറ്റ് |
| 12 | സംഭാഷണം 2 പേർ (പൊതുമത്സരം) | 5 മിനിറ്റ് |
| 13 | പദകേളി (പൊതുമത്സരം) | 15 മിനിറ്റ് |

## കാറ്റഗറി III (VIII-X)

| നം. | ഇനം | സമയം |
|---|---|---|
| 1 | ഉപന്യാസം – അറബിക് (പൊതുമത്സരം) | 120 മിനിറ്റ് |
| 2 | കഥാരചന (പൊതുമത്സരം) | 120 മിനിറ്റ് |
| 3 | അടിക്കുറിപ്പ് രചന (പൊതുമത്സരം) | 15 മിനിറ്റ് |
| 4 | വിവർത്തനം (അറബിയിലേക്ക്) | 30 മിനിറ്റ് |
| 5 | പോസ്റ്റർ നിർമ്മാണം (പൊതുമത്സരം) | 30 മിനിറ്റ് |
| 6 | പദ്യം ചൊല്ലൽ (ആൺ) | 5 മിനിറ്റ് |
| 7 | പദ്യം ചൊല്ലൽ (പെൺ) | 5 മിനിറ്റ് |
| 8 | അറബിഗാനം (ആൺ) | 5 മിനിറ്റ് |
| 9 | അറബിഗാനം (പെൺ) | 5 മിനിറ്റ് |
| 10 | കഥാപ്രസംഗം (പൊതുമത്സരം) | 10 മിനിറ്റ് |
| 11 | സംഭാഷണം 2 പേർ (പൊതുമത്സരം) | 5 മിനിറ്റ് |
| 12 | സംഘഗാനം 7 പേർ (പൊതുമത്സരം) | 5 മിനിറ്റ് |
| 13 | നാടകം (7+3) (രംഗസജ്ജീകരണം പരമാവധി 15 മിനിറ്റ്) 10 പേർ (പൊതുമത്സരം) | 30 മിനിറ്റ് |
| 14 | മോണോ ആക്ട് (പൊതുമത്സരം) | 5 മിനിറ്റ് |
| 15 | പ്രസംഗം (പൊതുമത്സരം) | 5 മിനിറ്റ് |
| 16 | പ്രശ്നോത്തരി (പൊതുമത്സരം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 17 | ഖുർ–ആൻ പാരായണം | 5 മിനിറ്റ് |
| 18 | മുശാറ (അക്ഷരശ്ലോകം) | സമയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ് |
| 19 | നിഘണ്ടുനിർമ്മാണം | 15 മിനിറ്റ് |

# അധ്യായം – 8

## സ്കൂൾതല കലോത്സവം – നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

8.01 സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള കലോത്സവങ്ങൾ അതതുവർഷം സർക്കാർ പ്രസിദ്ധീകരിക്കുന്ന വിദ്യാഭ്യാസകലണ്ടറോ സർക്കാർ ഉത്തരവുകളോ പ്രകാരം നടത്തേണ്ടതാണ്.

8.02 കലോത്സവം ഒരു പൊതുചടങ്ങായി നടത്തേണ്ടതാണ്. ഇതിന്റെ നടത്തിപ്പിനായി വിദ്യാർത്ഥികൾ, അധ്യാപകർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സാംസ്കാരിക നായകർ, പൊതുജനങ്ങൾ, രക്ഷാകർത്താക്കൾ എന്നിവരുടെ പ്രതിനിധികളടങ്ങിയ കമ്മിറ്റികൾ എൽ.പി., യു.പി, ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരും ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരും രൂപവത്കരിക്കേണ്ടതാണ്.

8.03 ***മത്സരത്തിൽ പങ്കെടുക്കുന്നതിനു പ്രവേശന ഫീസ് ഈടാക്കാൻ പാടില്ല. മത്സരങ്ങളുടെ നടത്തിപ്പിനായി ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്കും ഹൈസ്കൂളുകൾക്കും 20,000/- രൂപയും യു.പി., എൽ.പി സ്കൂളുകൾക്ക് 10,000/- രൂപയും പി.റ്റി.എ ഫണ്ടിൽനിന്നും ചെലവഴിക്കാൻ ഹെഡ്മാസ്റ്റർമാർക്ക്/പ്രിൻസിപ്പൽമാർക്ക് അധികാരമുണ്ടായിരിക്കും.***

*8.04* ***കലോത്സവ നടത്തിപ്പിന്റെ നിർവ്വാഹക സമിതിയുമായി ആലോചിച്ച് ഓരോ മത്സരവും വിലയിരുത്തുന്നതിന് അതതു കലകളിൽ പ്രാവീണ്യമുള്ളവരെ പരാതിക്കിടവരാത്ത വിധം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയോടുകൂടി വിധികർത്താക്കളായി ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ നിയമിക്കേണ്ടതാണ്.***

8.05 എല്ലാ മത്സരങ്ങളിലും 'എ'ഗ്രേഡോടുകൂടി ടോപ്പ് സ്കോർ നേടിയവരെ മാത്രമേ ഉപജില്ലാ മത്സരത്തിന് അയയ്ക്കാവൂ. അയയ്ക്കുമ്പോൾ മാന്വലിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

8.06 ഏതെങ്കിലും ഇനത്തിൽ 'എ' ഗ്രേഡിന് ആരും അർഹരായിട്ടില്ലെങ്കിൽ ആയിനത്തിൽ ആരെയും ഉപജില്ലാ മത്സരത്തിന് അയയ്ക്കേണ്ടതില്ല.

8.07 മത്സരത്തിൽ ഒരുകുട്ടി മാത്രമേ ഉള്ളൂവെങ്കിൽ കുട്ടിയുടെ പ്രകടനം വിലയിരുത്തി ഗ്രേഡിന് അർഹതയുണ്ടെങ്കിൽ മാത്രം ഉപജില്ലാതലത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

# അധ്യായം – 9

## ഉപജില്ലാതല സ്കൂൾ കലോത്സവം – നടത്തിപ്പുസംബന്ധിച്ച നിബന്ധനകൾ

9.01 *എല്ലാ വർഷവും വിദ്യാഭ്യാസ കലണ്ടർ പ്രകാരമോ അല്ലെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള അറിയിപ്പ് പ്രകാരമോ ഓരോ ഉപജില്ലയിലും കേരള സ്കൂൾ കലോത്സവം നടത്തേണ്ടതാണ്. വിദ്യാഭ്യാസ ഉപജില്ലയിലെ ഏതെങ്കിലും ഒരു സ്കൂളിൽ വച്ച് ഇതു നടത്താവുന്നതാണ്. ഉപജില്ലാ മത്സരങ്ങൾ പൊതുചടങ്ങായി ആർഭാടരഹിതമായി നടത്തേണ്ടതാണ്. കലോത്സവം നടക്കുന്ന വിദ്യാലയങ്ങളെ വർഷാദ്യത്തിൽതന്നെ തെരഞ്ഞെടുക്കേണ്ടതാണ്.*

9.02 ഏതെങ്കിലും ഒരിനത്തിൽ മത്സരിക്കാൻ ഒരു വിദ്യാർത്ഥി മാത്രമേ ഉള്ളൂവെങ്കിലും 'എ' ഗ്രേഡ് നേടിയിട്ടുണ്ടെങ്കിൽ ആ വിദ്യാർത്ഥിയെ റവന്യൂ ജില്ലാതല മത്സരത്തിന് അയയ്ക്കാവുന്നതാണ്.

9.03 കലോത്സവ നടത്തിപ്പിലേക്കുള്ള ബഡ്ജറ്റ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ആഫീസർക്കു നൽകേണ്ടതാണ്.

9.04 *ഉപജില്ലയിലെ ഓരോ വിദ്യാലയവും ഉപജില്ലാമത്സരനടത്തിപ്പിനായി സ്കൂൾ സ്പെഷ്യൽ ഫീസ്/പി.റ്റി.എ ഫണ്ടിൽ നിന്നും തങ്ങളുടെ വിഹിതം നൽകേണ്ടതാണ്. ആയിരത്തിൽ താഴെ കുട്ടികളുള്ള ഹൈസ്കൂൾ 1000/- രൂപയും വി.എച്ച്.എസ്.എസ്/ എച്ച്. എസ്.എസ് 2000/-രൂപയും ആയിരത്തിനു മുകളിൽ കുട്ടികളുള്ള ഹൈസ്കൂൾ 1500/- രൂപയും വി.എച്ച്.എസ്.എസ്, എച്ച്.എസ്.എസ്. 3000/- രൂപയും എല്ലാ യു.പി സ്കൂളുകൾ 750/- രൂപയും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കു നൽകേണ്ടതാണ്. കുട്ടികളുടെ യാത്രയ്ക്കും ഭക്ഷണത്തിനും ആവശ്യമായ തുക എസ്കർഷൻ/പി.റ്റി.എ ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്.*

9.05 മത്സരത്തിൽ പങ്കെടുക്കുന്ന ഒരു കുട്ടിയും പ്രവേശന ഫീസ് നൽകേണ്ടതില്ല.

9.06 *ഫെസ്റ്റിവൽ ഫണ്ടിൽ നിന്നും എച്ച്.എസ്.ഇ/വി.എച്ച്.എസ്.ഇ വിഭാഗങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള തുക സബ്ജില്ല/ജില്ല/സംസ്ഥാന വിഹിതമായി അടയ്ക്കേണ്ടതാണ്. ഈ തുക പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശ പ്രകാരം സ്കൂളുകൾ നേരിട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് (ഓൺലൈനായി) ഒടുക്കേണ്ടതാണ്.*

9.07 സർക്കാരിന്റെ പദ്ധതിവിഹിതത്തിൽ നിന്നും വിലയിരുത്തിയിട്ടുള്ള തുക യഥാസമയം ഉപജില്ലാവിദ്യാഭ്യാസ ആഫീസർ/ഉപഡയറക്ടർമാർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചു നൽകുന്നതാണ്. ഇതിൽ ഉപരിയായി ചെലവുവന്നാൽ സംഘാടകസമിതി യുടെ നിർദ്ദേശപ്രകാരം തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

9.08 *ഉപജില്ലാ കലോത്സവത്തിന്റെ വരവുചെലവ് കണക്കുകൾ വകുപ്പുതല ഓഡിറ്റ് നടത്തിയ ശേഷം സംഘാടക സമിതി അംഗീകരിക്കണം. കണക്കുകൾ ഇപ്രകാരം ഒരു മാസത്തിനകം അംഗീകരിച്ചിരിക്കണം. ഓഡിറ്റിനു മുൻപായി വരവുചെലവു കണക്കുകളെല്ലാം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും കമ്മിറ്റി അംഗങ്ങളും വിശദമായി ചർച്ചചെയ്ത് അംഗീകരിക്കണം. വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മത്സരങ്ങൾ കഴിഞ്ഞ് ഒരു മാസത്തിനകം വിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയിരിക്കണം. കണക്കുകളുടെ ഓഡിറ്റ് നടത്തുന്നതിനു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. സർക്കാർ ഫണ്ടു വിനിയോഗം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം നടത്തേണ്ടതാണ്.*

9.09 *ചെലവുകഴിഞ്ഞു ബാക്കിവരുന്ന തുക വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ഏൽപ്പിക്കേണ്ടതും ഡെപ്യൂട്ടി ഡയറക്ടർ തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് അയക്കേണ്ടതാണ്.*

9.10 മത്സരങ്ങളുടെ നടത്തിപ്പിനായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മാന്വൽ പ്രകാരം ആവശ്യമുള്ള കമ്മിറ്റികൾ രൂപീകരിക്കുന്നതിനു നേതൃത്വം നൽകേണ്ടതാണ്.

## സംഘാടക സമിതിയുടെ രൂപരേഖ

എ) ഉപജില്ലയുമായി ബന്ധപ്പെട്ട പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എല്ലാ എം.പി.മാരും എം.എൽ.എ മാരും

ബി) ഉപജില്ലയുമായി ബന്ധപ്പെട്ട പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജില്ല–ബ്ലോക്ക്–ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും കോർപ്പറേഷൻ മേയറും മുനിസിപ്പൽ ചെയർമാൻ മാരും വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും.

സി) ഉപജില്ലയുമായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ
കലോത്സവം നടക്കുന്ന സ്കൂളിലെ രക്ഷാകർത്തൃസമിതി പ്രതിനിധികൾ – രണ്ടുപേർ.
സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി പ്രതിനിധികൾ – രണ്ടുപേർ.

സ്കൂൾ മാനേജർ – 1

ഡി) അംഗീകൃത അദ്ധ്യാപക – സംഘടനാ പ്രതിനിധികൾ – 2

ഇ) ഹയർ സെക്കണ്ടറി/ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് ഒരു പ്രിൻസിപ്പാളും ഒരു ഹെഡ്മാസ്റ്ററും പ്രൈമറി വിഭാഗത്തിൽ നിന്നു രണ്ടു യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ മാരും ബി.പി.ഒ യും (എസ്.എസ്.എ) രണ്ട് എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർമാരും.

എഫ്) കലോത്സവം നടക്കുന്ന സ്കൂളിലെ ലീഡറും ചെയർമാനും

ജി) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിർദ്ദേശിക്കുന്ന സാമൂഹിക, സാംസ്കാരിക പ്രവർത്തകർ (പരമാവധി 3 പേർ)

## ഉപജില്ലാ സംഘാടക സമിതിയുടെ ഘടന

9.12 കേരള സ്കൂൾ കലോത്സവം നടത്തുന്ന വിദ്യാലയത്തിലെ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ ജനറൽ കൺവീനറും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ ട്രഷററും ആയിരിക്കും. ഹയർസെക്കന്ററി പ്രിൻസിപ്പാൾ ജനറൽ കൺവീനർ ആകുന്ന സ്കൂളുകളിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ജോയിന്റ് കൺവീനറായിരിക്കും. ഉപജില്ലാ മേളകളുടെ മുഖ്യ വേദികൾ ഹൈസ്കൂൾ/ഹയർസെക്കണ്ടറി ആയിരിക്കും.

9.13 ഉപജില്ലയിലെ പരിപാടികൾ പരമാവധി നാലുദിവസം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്. മത്സരങ്ങൾ കഴിവതും പകൽ സമയത്തുതന്നെ നടത്തിത്തീർക്കേണ്ടതാണ്.

9.14 ഓരോ മത്സരത്തിന്റെയും വിധികർത്താക്കളെ മുൻകൂട്ടി തയ്യാറാക്കിയ പാനലിൽ നിന്നും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിശ്ചയിക്കേണ്ടതാണ്. ഒരിനത്തിൽ മത്സരിക്കുന്ന എല്ലാവരെയും വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ തന്നെ ആയിരിക്കണം.

9.15 ജില്ലയിലെ വിവിധ ഉപജില്ലാ മത്സരങ്ങളുടെ വിധികർത്താക്കളുടെ പാനൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ തയ്യാറാക്കേണ്ടതാണ്.

9.16 മത്സരം ആരംഭിക്കുന്നതിനു മുമ്പ് വിധികർത്താക്കളുടെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ വേദിയിൽ പ്രഖ്യാപിക്കേണ്ടതാണ്.

9.17 ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ വിദ്യാലയവും കുട്ടികളുടെ മേൽനോട്ട ത്തിനായി ആവശ്യമായ അധ്യാപകരെ നിയോഗിക്കേണ്ടതാണ്. സംഘത്തിൽ പെൺകുട്ടി കളുണ്ടെങ്കിൽ അവരുടെ മേൽനോട്ടത്തിന് ആവശ്യമായ അദ്ധ്യാപികമാരെ നിയോഗി ക്കേണ്ടതാണ്. ഇവർ മുഴുവൻ സമയവും വിദ്യാർത്ഥിനികളുടെ കൂടെ ഉണ്ടായിരിക്കണം. കുട്ടികളുടെ പൂർണ്ണ ഉത്തരവാദിത്വം അനുഗമിക്കുന്ന അധ്യാപകരുടെ ചുമതലയായി രിക്കും.

9.18 ഉപജില്ലാതല മത്സരങ്ങളിൽ 'എ' ഗ്രേഡ് കിട്ടിയ എല്ലാപേർക്കും സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

9.19 *ഉപജില്ലാ മത്സരങ്ങൾ കഴിഞ്ഞാലുടൻ അവയുടെ നടത്തിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ടും റവന്യൂ ജില്ലാമത്സരത്തിനു തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് സോഫ്റ്റ് കോപ്പി ഉൾപ്പെടെ വിദ്യാഭ്യാസ ഉപഡയറക്ടർക്കു നൽകേണ്ടതാണ്. കോപ്പി പ്രോഗ്രാം കമ്മിറ്റി കൺവീനർക്കും റവന്യൂജില്ലാ മത്സരത്തിന് അഞ്ചു ദിവസം മുമ്പ് നൽകേണ്ടതാണ്.*

9.20 മത്സരങ്ങളുടെ സ്കോർ ഷീറ്റിൽ വെട്ടും തിരുത്തും ഒഴിവാക്കണം. തിരുത്തലുകൾ അനിവാര്യമായി വന്നാൽ മൂല്യനിർണ്ണയം ചെയ്ത ആൾതന്നെ തൽസ്ഥാനങ്ങളിൽ പൂർണമായും ഒപ്പിട്ടിരിക്കണം. വിധികർത്താവ് ഓരോ കുട്ടിയുടെയും മൂല്യനിർണ്ണയ രേഖ (അഭിപ്രായം സഹിതം) സ്കോർ ഷീറ്റിനോടൊപ്പം നൽകേണ്ടതാണ്. മത്സരങ്ങളുടെ മാർക്ക്ലിസ്റ്റുകളും ഫലം തയ്യാറാക്കിയ ടാബുലേഷൻ ഷീറ്റുകളും മുദ്രവച്ച് ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ മൂന്നുമാസക്കാലം സൂക്ഷിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയോ മേലധികാരികളോ ആവശ്യപ്പെടുന്ന പക്ഷം ഇവ ഹാജരാക്കണം.

9.21 ഓരോ ഇനത്തിലെയും പ്രകടനത്തിന്റെ വിവിധ ഘട്ടങ്ങൾ വിലയിരുത്തി പ്രത്യേകം മാർക്കു നൽകിയായിരിക്കണം വിജയികളെ നിർണ്ണയിക്കേണ്ടത്. ഇതിനുള്ള മാനദണ്ഡങ്ങൾ അധ്യായം –16 ൽ നൽകിയിട്ടുണ്ട്.

9.22 ഓരോ മത്സരവും പൂർത്തിയായിക്കഴിഞ്ഞാൽ ബന്ധപ്പെട്ട വിധികർത്താക്കളുടെ സാന്നിദ്ധ്യത്തിൽ സ്റ്റേജു മാനേജർ ടാബുലേഷൻ ഷീറ്റ് തയ്യാറാക്കേണ്ടതും വിധികർത്താക്കളുടെ ഒപ്പു രേഖപ്പെടുത്തിയതിനുശേഷം ഫലം അവരിലൊരാൾ പ്രഖ്യാപിക്കേണ്ടതുമാണ്.

9.23 കലോത്സവം സുഗമമായി നടത്തുന്നതിനുവേണ്ടി അധ്യാപകരുടെ സേവനം തേടാവുന്നതാണ്. എന്നാൽ കമ്മിറ്റിയുടെ പ്രവർത്തനത്തിന് അത്യാവശ്യമായ അംഗങ്ങളെ മാത്രമേ ഉൾക്കൊള്ളിക്കാൻ പാടുള്ളൂ. ഇങ്ങനെ നിയോഗിക്കുന്ന അധ്യാപകർക്കുള്ള ഹാജർ ജനറൽ കൺവീനർ സൂക്ഷിക്കുന്ന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഡ്യൂട്ടി സർട്ടിഫിക്കറ്റ് ജനറൽ കൺവീനർ നൽകേണ്ടതുമാണ്. ഇതിനായി പ്രത്യേക ഹാജർ പുസ്തകം സൂക്ഷിക്കേണ്ടതാണ്.

# അധ്യായം – 10

## റവന്യൂ ജില്ലാതല സ്കൂൾ കലോത്സവം – നടത്തിപ്പുസംബന്ധിച്ച നിബന്ധനകൾ

10.01 എല്ലാ വർഷവും നവംബർ അവസാന വാരത്തിനു മുൻപായി റവന്യൂ ജില്ലകളിൽ കലോത്സവം നടത്തിയിരിക്കണം. ജില്ലയിലെ ഏതെങ്കിലും ഒരു സ്കൂളിൽ വച്ച് മത്സരം നടത്തേണ്ടതാണ്.

10.02 മാന്വലിലെ വ്യവസ്ഥകൾക്കു വിധേയമായി ഉപജില്ലാ മത്സരങ്ങളിൽ 'എ' ഗ്രേഡോടു കൂടി ഏറ്റവും ഉയർന്ന സ്കോർ നേടിയവരെ മാത്രമേ റവന്യൂ ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയുള്ളൂ. ഏതെങ്കിലും മത്സരത്തിൽ പങ്കെടുക്കുവാൻ ഒരു വിദ്യാർത്ഥി മാത്രമേ ഉള്ളൂവെങ്കിലും ആ വിദ്യാർത്ഥിയുടെ പ്രാവീണ്യം വിലയിരുത്തി ഗ്രേഡ് നിശ്ചയിച്ച് അർഹമായ പോയിന്റുകൾ വിദ്യാർത്ഥിക്കും വിദ്യാർത്ഥിയെ അയച്ച സ്കൂളിനും നൽകേണ്ടതാണ്. കൂടാതെ ഏറ്റവും ഉയർന്ന സ്കോറാണെന്നു കണക്കാക്കി അർഹമായ സമ്മാനവും സർട്ടിഫിക്കറ്റുകളും നൽകേണ്ടതാണ്. 'എ' ഗ്രേഡിന് അർഹനാണെങ്കിൽ സംസ്ഥാനതല മത്സരത്തിനയയ്ക്കാവുന്നതാണ്. ഇപ്രകാരം റവന്യൂ/സംസ്ഥാന മത്സരങ്ങളിലേക്ക് അയയ്ക്കുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിലും എൻട്രി ഫോമിലും പ്രസ്തുത വിദ്യാർത്ഥി കലോത്സവ മാന്വലിലെ വ്യവസ്ഥ പ്രകാരം അയയ്ക്കപ്പെട്ടയാളാണെന്ന വിവരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

10.03 അറബി പദ്യപാരായണം, അറബി സാഹിത്യോത്സവത്തിൽ ഉള്ളതിനാൽ അറബി സാഹിത്യോത്സവത്തിലെ പദ്യപാരായണ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് സ്കൂൾ കലോത്സവത്തിലെ അറബി പദ്യപാരായണത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയില്ല.

10.04 ജില്ലാ കലോത്സവങ്ങളുടെ നടത്തിപ്പിനായി ആവശ്യമായ കമ്മിറ്റികൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ രൂപവത്കരിക്കേണ്ടതാണ്. സംഘാടകസമിതിയിൽ താഴെ പറയുന്നവർ ഉണ്ടായിരിക്കണം.

(എ) ജില്ലയിലെ എം.പി മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

(ബി) ജില്ലയിലെ കോർപ്പറേഷൻ മേയർ, മുൻസിപ്പൽ ചെയർമാൻമാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ.

(സി) ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, വിവിധ വകുപ്പുതലവൻമാർ

(ഡി) ഡയറ്റ് പ്രിൻസിപ്പൽ

(ഇ) ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

(എഫ്) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ,

(ജി) കലോത്സവം നടത്തുന്ന സ്കൂളിലെ അധ്യാപക രക്ഷാകർത്തൃ സമിതി പ്രസിഡന്റ്

(എച്ച്) അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികൾ

(ഐ) സ്കൂൾ പാർലമെന്റ് പ്രതിനിധികൾ

(ജെ) സാംസ്കാരിക നായകൻമാർ

10.05 റവന്യൂ ജില്ലാതല സംഘാടകസമിതിയുടെ ഘടന താഴെ കൊടുത്ത പ്രകാരമായിരിക്കും.

**രക്ഷാധികാരികൾ**

ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, മേയർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്.

**ചെയർമാൻ**

സ്ഥലം എം.എൽ.എ

**വർക്കിംഗ് ചെയർമാൻ**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർ/മുൻസിപ്പൽ ചെയർമാൻ

**വൈസ് ചെയർമാൻ**

ജില്ലാപഞ്ചായത്ത്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

**ജനറൽ കൺവീനർ**

വിദ്യാഭ്യാസ ഉപഡയറക്ടർ

**ജോയിന്റ് കൺവീനർ**

റീജണൽ ഡെപ്യൂട്ടി ഡയറക്ടർ, അസി.ഡയറക്ടർ, മേള നടത്തുന്ന വിദ്യാലയത്തിലെ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ, ഡയറ്റ് പ്രിൻസിപ്പൽ/ഡിസ്ട്രിക്ട് പ്രോജക്ട് കോ–ഓർഡിനേറ്റർ (എസ്.എസ്.കെ)]

**ട്രഷറർ**

മേള നടക്കുന്ന വിദ്യാഭ്യാസ ജില്ലയിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ.

**അംഗങ്ങൾ**

1. സബ്കമ്മിറ്റി ചെയർമാൻമാർ, കൺവീനർമാർ
2. അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികൾ
3. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ
4. കലോത്സവം നടത്തുന്ന സ്കൂളിലെ പി.ടി.എ പ്രസിഡന്റ്/എസ്.എം.സി ചെയർമാൻ, മദർ പി ടി എ പ്രസിഡന്റ്
5. കലോത്സവം നടക്കുന്ന സ്കൂളിലെ സ്കൂൾ ലീഡർ/ചെയർമാൻ

സബ്കമ്മിറ്റികളുടെ ചെയർമാൻമാർ ജനപ്രതിനിധികളും കൺവീനർമാർ അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികളും ആയിരിക്കണം.

10.06 റവന്യൂ ജില്ലാ കലോത്സവം പരമാവധി അഞ്ചുദിവസം കൊണ്ടു നടത്തിത്തീർക്കേണ്ടതാണ്.

10.07 *സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് വീതം വച്ച് നൽകുന്നതായിരിക്കും. ഈ തുക മതിയായില്ലെങ്കിൽ റവന്യൂജില്ലാ കലോത്സവത്തിനുവേണ്ടി പൊതുജനങ്ങളിൽ നിന്നോ സ്പോൺസർഷിപ്പ് വഴിയോ കൂപ്പണുകൾ വഴിയോ ധനസമാഹരണം നടത്താവുന്നതാണ്. കലോത്സവത്തിന്റെ വരവുചെലവു കണക്കുകൾ ഒരു മാസത്തിനകം വകുപ്പുതല ഓഡിറ്റ് നടത്തി സംഘാടകസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ചെലവുകഴിഞ്ഞു ബാക്കിവരുന്ന തുക ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാൻറ് ഡ്രാഫ്റ്റ് എടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് അയക്കേണ്ടതാണ്.*

10.08 ഓരോ മത്സരവും വിലയിരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന പാനലിൽ നിന്നും വിധികർത്താക്കളെ വിദ്യാഭ്യാസ ഉപഡയറക്ടർ നിയമിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പാനലിൽപ്പെടാത്ത വിധികർത്താവിനെ നിയമിക്കേണ്ടി വന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുവാദം തേടേണ്ടതാണ്.

10.09 *വിധികർത്താക്കളുൾപ്പെടുന്ന പാനൽ തയ്യാറാക്കി മത്സരത്തിന് നിയോഗിക്കുന്നതിനുള്ള ചുമതല അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കായിരിക്കും. ഒരിനത്തിൽ മത്സരിക്കുന്ന എല്ലാവരെയും വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ ആയിരിക്കണം. മത്സരം തുടങ്ങുന്നതിനു മുമ്പായി വിധികർത്താക്കളുടെ പേരുവിവരവും യോഗ്യതയും വേദിയിൽ പ്രഖ്യാപിക്കണം. ഫോട്ടോ പതിപ്പിച്ച ഐഡൻറിറ്റി കാർഡ് വിധികർത്താക്കൾക്ക് നിർബന്ധമായും നൽകേണ്ടതാണ്. വിധിനിർണ്ണയം നടത്തുന്ന അവസരത്തിൽ മാത്രം നിർബന്ധമായും ഐഡൻറിറ്റി കാർഡ് ധരിക്കുകയും മത്സരം കഴിയുമ്പോൾ ബന്ധപ്പെട്ട കമ്മിറ്റിക്ക് തിരികെ നൽകേണ്ടതുമാണ്.*

10.10 മത്സരത്തിനു മുമ്പ് വിധികർത്താക്കൾക്ക് മൂല്യനിർണ്ണയ സൂചകങ്ങൾ നൽകേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ അതത് ഇനത്തിന്റെ വിവിധ

വശങ്ങൾ പരിഗണനയിൽ എടുത്ത് അവയ്ക്കു പ്രത്യേകം മാർക്കു നൽകി മൂല്യ നിർണ്ണയം നടത്തേണ്ടതാണ്. ഇതിനായി സ്കോർ ഷീറ്റ് തയ്യാറാക്കി സംഘാടകർ വിധികർത്താക്കൾക്കു നൽകണം. അഡീഷണൽ ഷീറ്റുകൾ നൽകി ഓരോ വിദ്യാർത്ഥിയുടെയും പ്രകടനത്തിന്റെ വിശദമായ രേഖപ്പെടുത്തലുകൾ മാർക്കു ഷീറ്റിനൊപ്പം വാങ്ങേണ്ടതാണ്.

10.11 വിധികർത്താക്കൾ തയ്യാറാക്കുന്ന മാർക്ക് ലിസ്റ്റിൽ വെട്ടും തിരുത്തും ഒഴിവാക്കണം. തിരുത്തലുകൾ അനിവാര്യമായി വന്നാൽ മൂല്യനിർണ്ണയം ചെയ്ത ആൾ തന്നെ തൽസ്ഥാനങ്ങളിൽ പൂർണ്ണമായ ഒപ്പ് ഇട്ടിരിക്കണം.

10.12 മത്സരം കഴിഞ്ഞാലുടൻ സ്റ്റേജ് മാനേജർ വിധികർത്താക്കളുടെ സാന്നിദ്ധ്യത്തിൽ മാർക്കുകൾ ടാബുലേറ്റ് ചെയ്യേണ്ടതും ഫലം അതേ സ്റ്റേജിൽതന്നെ വിധികർത്താക്കളിൽ ഒരാളെക്കൊണ്ട് പ്രഖ്യാപിക്കേണ്ടതുമാണ്. സംസ്ഥാനതലത്തിലേക്ക് അർഹത നേടിയ മത്സരാർത്ഥിയുടെ കോഡ് നമ്പരും ഗ്രേഡും മാത്രം സ്റ്റേജിൽ പ്രഖ്യാപിക്കേണ്ടതാണ്. അന്തിമഫലം സോഫ്റ്റ്വെയറുമായി ഒത്തുനോക്കേണ്ടതാണ്.

10.13 റവന്യൂ ജില്ലാ മത്സരത്തിന്റെ മാർക്ക് ലിസ്റ്റുകളും ടാബുലേഷൻ ഷീറ്റും മുദ്ര വച്ച് കവറിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ മൂന്നു മാസം വരെ സൂക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുന്ന പക്ഷം അവ ഹാജരാക്കണം.

10.14 മത്സരയിനങ്ങളുടെ മൂല്യനിർണ്ണയത്തെപ്പറ്റിയുള്ള പരാതികൾ പരിഗണിക്കാൻ അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കും. അപ്പീൽ കമ്മിറ്റിയിൽ മത്സരയിനങ്ങളുടെ സാങ്കേതികവും നിയമപരവുമായ കാര്യങ്ങളാണ് പരിഗണിക്കേണ്ടത്. പുനർമൂല്യ നിർണ്ണയവും പുനരവതരണവും നടത്തേണ്ടതില്ല. അപ്പീലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് വീഡിയോ റെക്കോർഡ് കൂടി ആവശ്യമെങ്കിൽ പരിശോധിക്കാവുന്നതാണ്. അപ്പീൽ തീർപ്പാക്കുന്നതിന് കാര്യകാരണ വിശകലന സഹിതമായ നടപടി ഉത്തരവ് ഉണ്ടായിരിക്കണം. അതിനുള്ള നിശ്ചിത ഫോറം അനുബന്ധം മൂന്നിൽ ചേർത്ത പ്രകാരമായിരിക്കണം.

10.15 റവന്യൂ തലത്തിൽ അപ്പീൽ ഫീസ് **5000/-രൂപയായിരിക്കും.** അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്.

10.16 അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

10.17 ജില്ലാതല അപ്പീൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും നടപ്പാക്കുന്നത്.

10.18 റവന്യൂ ജില്ലാതലമത്സരങ്ങളിൽ 'എ' ഗ്രേഡ് കിട്ടിയ എല്ലാപേർക്കും സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

10.19 റവന്യൂ ജില്ലാതലമത്സരം കഴിഞ്ഞാലുടനെ അതിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്. സംസ്ഥാനതല

മത്സരത്തിനു തെരഞ്ഞെടുക്കുന്നപ്പെടുന്നവരുടെ ലിസ്റ്റ് ഓൺലൈനായും ഹാർഡ് കോപ്പിയായും സംസ്ഥാന കലോത്സവത്തിന്റെ ജനറൽ കൺവീനർക്ക് അയയ്ക്കേണ്ടതാണ്.

10.20 മത്സരങ്ങളിൽ 'എ' ഗ്രേഡോടു കൂടി ടോപ് സ്കോർ ലഭിച്ച കുട്ടി/ടീമിനു മാത്രമേ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

# അദ്ധ്യായം – 11

## സംസ്ഥാന സ്കൂൾ കലോത്സവം – നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

11.01 എല്ലാ വർഷവും വിദ്യാഭ്യാസ കലണ്ടർ പ്രകാരം സംസ്ഥാനതലത്തിൽ കേരള സ്കൂൾ കലോത്സവം നടത്തിയിരിക്കണം.

11.02 മാന്വലിലെ വ്യവസ്ഥകൾക്കു വിധേയമായി റവന്യൂ ജില്ലാമത്സരങ്ങളിൽ 'എ' ഗ്രേഡോടുകൂടി ഏറ്റവും ഉയർന്ന സ്കോർ നേടിയവരെ മാത്രമേ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയുള്ളൂ.

11.03 സംസ്ഥാനതല കലോത്സവ നടത്തിപ്പിനായി സംഘാടക സമിതി, നിർവ്വാഹക സമിതി എന്നിവ രൂപവത്ക്കരിക്കേണ്ടതാണ്. ഇവയുടെ ഘടന താഴെപ്പറയുന്ന പ്രകാരമായിരിക്കും.

### സംഘാടക സമിതി

| | | |
|---|---|---|
| മുഖ്യരക്ഷാധികാരികൾ | : | ഗവർണർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ജില്ലയിൽ നിന്നുള്ള മന്ത്രിമാർ |
| രക്ഷാധികാരികൾ | : | ജില്ലയിലെ എം.പിമാർ, എം.എൽ.എ.മാർ, മേയർ/ മുനിസിപ്പൽ ചെയർമാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പൊതുവിദ്യാഭ്യാസ സെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്. |
| ചെയർമാൻ | : | സ്കൂൾ കലോത്സവം നടക്കുന്ന സ്ഥലത്തെ എം.എൽ.എ |
| വൈസ് ചെയർമാൻ | : | സ്കൂൾ കലോത്സവം നടക്കുന്ന സ്ഥലത്തെ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ/മുൻസിപ്പൽ വൈസ് ചെയർമാൻ/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ. |
| ജനറൽ കോർഡിനേറ്റർ | : | പൊതുവിദ്യാഭ്യാസ ഡയറക്ടർ |
| ജോയിന്റ് ജനറൽ കോർഡിനേറ്റർ | : | സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ (എസ്.എസ്.കെ.)<br>ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (കൈറ്റ്) |
| ജനറൽ കൺവീനർ | : | അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ) |

ജോയിന്റ് ജനറൽ കൺവീനർ : അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (അക്കാദമിക്), ജോയിന്റ് ഡയറക്ടർ (അക്കാദമിക്), ജോയിന്റ് ഡയറക്ടർ (അക്കാദമിക്), ഹയർസെക്കന്ററി, ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ), വൊക്കേഷണൽ ഹയർസെക്കന്ററി.

കൺവീനർമാർ : മത്സരം നടക്കുന്ന റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, വി.എച്ച്.എസ്.ഇ. അസിസ്റ്റന്റ് ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പൽ, ഡിസ്ട്രിക്ട് പ്രോജക്ട് കോ-ഓർഡിനേറ്റർ (എസ്.എസ്.കെ)

ട്രഷറർ : പബ്ലിക് റിലേഷൻസ് ആഫീസർ (പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്)

മെമ്പർമാർ : എല്ലാ സബ്കമ്മിറ്റിയുടെയും ചെയർമാൻമാർ, ജനപ്രതിനിധികൾ, സാംസ്കാരിക സാമൂഹിക നായകൻമാർ, കൺവീനർമാർ, അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികൾ, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ, ജില്ലയിലെ വിവിധ വകുപ്പുതലവൻമാർ, കലോത്സവം നടക്കുന്ന സ്കൂളിലെ പി.ടി.എ പ്രസിഡന്റ്, മദർ പി.ടി.എ പ്രസിഡന്റ്, എസ്.എം.സി ചെയർമാൻ

## നിർവ്വാഹക സമിതി

മുഖ്യരക്ഷാധികാരികൾ : മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ജില്ലയിൽ നിന്നുള്ള മന്ത്രിമാർ

രക്ഷാധികാരികൾ : ജില്ലയിലെ എം.പിമാർ, എം.എൽ.എ.മാർ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ

പ്രസിഡന്റ് : പൊതുവിദ്യാഭ്യാസ ഡയറക്ടർ

വൈസ് പ്രസിഡന്റുമാർ : സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ (എസ്.എസ്.കെ.)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (കൈറ്റ്)
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
ജോയിന്റ് ഡയറക്ടർ (അക്കാദമിക്), ഹയർ സെക്കന്ററി,
ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) വൊക്കേഷണൽ ഹയർ സെക്കന്ററി

| | | |
|---|---|---|
| ജനറൽ കൺവീനർ | : | അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ) |
| ജോയിന്റ് ജനറൽ കൺവീനർ | : | കലോത്സവം നടക്കുന്ന റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| ജോയിന്റ് കൺവീനർമാർ | : | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കണ്ടറി),<br>അസിസ്റ്റന്റ് ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കണ്ടറി)<br>ഡയറ്റ് പ്രിൻസിപ്പൽ/ഡിസ്ട്രിക്ട് പ്രോജക്ട് കോ–ഓർഡിനേറ്റർ (എസ്.എസ്.കെ.)<br>ഹെഡ്ക്വാർട്ടേഴ്സ് ഡിഇഒ/എ.ഇ.ഒ |
| ട്രഷറർ | : | പബ്ലിക് റിലേഷൻസ് ആഫീസർ<br>(പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്) |
| മെമ്പർമാർ | : | എല്ലാ സബ്കമ്മിറ്റിയുടെയും ചെയർമാൻമാരും കൺവീനർമാരും വിദ്യാഭ്യാസ ആഫീസർമാരും |

11.04 *സംസ്ഥാന കലോത്സവത്തിന്റെ പൂർണമായ ഉത്തരവാദിത്വം വഹിക്കുന്നത് സംഘാടക സമിതിയാണ്. വിവിധ കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും കാര്യക്ഷമ മാക്കുന്നതും ഈ കമ്മിറ്റിയുടെ മുഖ്യ കർത്തവ്യമാണ്. കലോത്സവ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതും, തുക അനുവദിക്കുന്നതും ജനറൽ കൺവീനറാണ്. കലോത്സവം കഴിഞ്ഞതിനുശേഷം ജനറൽ കൺവീനർ തയ്യാറാക്കുന്ന വരവുചെലവു കണക്കുകൾ വകുപ്പുതല ഓഡിറ്റിനു വിധേയമാക്കി റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.*

# അധ്യായം 12

## കമ്മിറ്റികളും ചുമതലകളും

11.01 ഉപജില്ല/ജില്ല/സംസ്ഥാന കലോത്സവത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി വിവിധ സബ്കമ്മിറ്റികൾ ഉണ്ടായിരിക്കും. അവയുടെ ചെയർമാൻമാർ ജനപ്രതിനിധികളും കൺവീനർമാർ അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികളും ആയിരിക്കും. വൈസ് ചെയർമാൻമാരെയും ജോയിന്റ് കൺവീനർമാരെയും മറ്റംഗങ്ങളെയും ഉൾപ്പെടുത്തി കമ്മിറ്റി വിപുലപ്പെടുത്താവുന്നതാണ്.

<u>വിവിധ സബ്കമ്മിറ്റികളുടെ ചുമതല താഴെ കൊടുക്കുന്നു.</u>

എ) സ്വീകരണ കമ്മിറ്റി

**ചുമതലകൾ:** നിർവാഹക സമിതി/സംഘാടക സമിതി പ്രസിഡന്റ്/ജനറൽ കൺവീനർ മാരുമായി ആലോചിച്ച് കലോത്സവത്തിന്റെ ഉദ്ഘാടനം, സമാപനം തുടങ്ങിയ പ്രധാന ചടങ്ങുകൾക്കാവശ്യമായ അതിഥികളെ ക്ഷണിക്കുക, ചടങ്ങുകൾ ചിട്ടയായി നടത്തുക, സ്വാഗതഗാനം തയ്യാറാക്കി അവതരിപ്പിക്കുക, ക്ഷണിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുക, ക്ഷണക്കത്തുകൾ അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക, അതിഥികളെയും വിവിധ ജില്ലകളിൽ നിന്നും വരുന്ന സംഘങ്ങളെയും സ്വീകരിക്കുക, ഉദ്ഘാടനസമാപന ചടങ്ങുകൾക്കു മോടി വരുത്തുക (ബാനർ ഉൾപ്പെടെ തയ്യാറാക്കുക).

ബി) ഭക്ഷ്യകാര്യ കമ്മിറ്റി

**ചുമതലകൾ:** മത്സരത്തിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ, അവരെ അനുഗമിക്കുന്ന അധ്യാപകർ, അതിഥികൾ, വിധികർത്താക്കളായി വരുന്നവർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥൻമാർ, സന്നദ്ധസേവനം ചെയ്യുന്നവർ, നടത്തിപ്പുകാർ, മാധ്യമ പ്രതിനിധികൾ എന്നിവർക്കെല്ലാം ഭക്ഷണം കലോത്സവ സ്ഥലത്തു നൽകുക. ഭക്ഷണ കൂപ്പണുകൾ അച്ചടിച്ചു വിതരണത്തിനായി രജിസ്ട്രേഷൻ കമ്മിറ്റിയെ ഏൽപ്പിക്കുക. വിധികർത്താക്കളായി വരുന്നവർക്കു ഭക്ഷണത്തിനു പ്രത്യേക സൗകര്യം സജ്ജീകരിക്കേണ്ടതാണ്.

സി) പ്രചാരണ കമ്മിറ്റി

**ചുമതലകൾ :** കലോത്സവം സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും അർഹമായ പ്രചാരണം നൽകുകയാണ് ഈ കമ്മിറ്റിയുടെ ജോലി. വർത്തമാനപത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, ആൾ ഇന്ത്യാ റേഡിയോ തുടങ്ങിയ ബഹുജനമാധ്യമ ഏജൻസികളെ സമീപിച്ചും

പത്രസമ്മേളനവും മറ്റും നടത്തിയും ഇതു നിർവ്വഹിക്കാം. വാർത്താമാധ്യമങ്ങൾക്ക് മത്സരഫലങ്ങളും പ്രസിദ്ധീകരണത്തിനുള്ള ചിത്രങ്ങളും യഥാസമയം ലഭ്യമാക്കുകയും വേണം. പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും മത്സരഫലങ്ങൾ അതതു സമയത്തുവാങ്ങി കമ്മിറ്റി പത്രമാധ്യമങ്ങൾക്കു വിതരണം ചെയ്യേണ്ടതാണ്. കമാനങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ, ബോർഡുകൾ മുതലായവ തയ്യാറാക്കി യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

ഡി) **പ്രോഗ്രാം കമ്മിറ്റി**

**ചുമതലകൾ :** കലോത്സവ മത്സരങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്ന ഉത്തരവാദിത്വമുള്ള ജോലിയാണ് ഈ കമ്മിറ്റിക്കുള്ളത്. കലോത്സവം നടക്കുന്നതിനു മുൻപായി താഴെ പറയുന്നവ പ്രോഗ്രാം കമ്മിറ്റി തയ്യാറാക്കണം.

1. ഓരോ ഇനത്തിലും മത്സരിക്കുന്നവരുടെ പട്ടിക (ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വെവ്വേറെ)
2. ഓരോ മത്സരത്തിനും ആവശ്യമായ സ്കോർ ഷീറ്റ്, ടൈം ഷീറ്റ്, ടാബുലേഷൻ ഷീറ്റ്, സ്കോർ ബോർഡ് മുതലായവ.
3. മത്സരങ്ങൾ നടത്തുന്നതിനുള്ള വിശദമായ കാര്യപരിപാടി.
4. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കു നൽകാനുള്ള കോഡുനമ്പരുകൾ
5. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന പത്രിക.
6. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ അധ്യാപകരെ നിയോഗിക്കുകയും അവരുടെ ചുമതല നിശ്ചയിച്ചു നൽകുകയും ചെയ്യുക. അവരുടെ പേരും വിവരങ്ങളും ഫോൺ നമ്പരും ജനറൽ കൺവീനർക്കു നൽകുക.
7. സ്കൂൾ കലോത്സവത്തോടൊപ്പം സംസ്കൃതം, അറബിക് എന്നീ കലോത്സവങ്ങളുടെ നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

<u>പ്രോഗ്രാം കമ്മിറ്റിയുടെ മറ്റു പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.</u>

1. മത്സരിക്കുന്നവർക്കു കോഡു നമ്പരുകൾ യഥാസമയം നൽകുക.
2. വിവിധ വേദികളിൽ അറിയിപ്പുകൾ നൽകുക.
3. ഓരോ മത്സരത്തിന്റെയും സമയം ആസൂത്രണം ചെയ്തതു പോലെ കൃത്യമായി പാലിക്കുക. മത്സരത്തിൽ പങ്കെടുക്കേണ്ട വിദ്യാർത്ഥികളെ സമയനഷ്ടം കൂടാതെ വേദിയിൽ ഹാജരാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
4. മത്സരാർത്ഥികൾ കൃത്യസമയത്തു തന്നെ വേദിയിൽ ഹാജരാകാത്ത പക്ഷം അവർക്ക് അയോഗ്യത കല്പിക്കുക.

5. വിധികർത്താക്കൾക്ക് മത്സരങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുക.

6. വിധികർത്താക്കൾക്ക് സ്കോർ ഷീറ്റുകൾ ഒപ്പം തന്നെ റിമാർക്ക് ഷീറ്റുകളും യഥാസമയം നൽകുകയും അവരുടെ ബയോഡാറ്റ ശേഖരിച്ചു സൂക്ഷിക്കുകയും അവരുടെ പേരും യോഗ്യതയും മത്സരത്തിനുമുമ്പ് വേദിയിൽ പ്രസ്താവിക്കുകയും ചെയ്യുക.

7. മൂല്യനിർണ്ണയോപാധി സഹിതമുള്ള സ്കോർഷീറ്റിന് ജനറൽ കൺവീനറുടെ അംഗീകാരം വാങ്ങുക.

8. സ്കോർ ബോർഡിൽ യഥാസമയം പോയിന്റുകൾ രേഖപ്പെടുത്തുക.

9. ട്രോഫികമ്മിറ്റിക്കും പ്രചാരണ കമ്മിറ്റിക്കും ആവശ്യമായ മത്സരഫലങ്ങൾ നൽകുക.

10. ഓരോ ദിവസവും നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി അതതു ദിവസങ്ങളിൽത്തന്നെ വിതരണം ചെയ്യുക. (സംസ്ഥാനതല മത്സരത്തിനാവശ്യമായ സർട്ടിഫിക്കറ്റുകൾ പൊതുവിദ്യാഭ്യാസഡയറക്ടർ അച്ചടിച്ചു നൽകുന്നതാണ്)

11. ഓരോ മത്സരവും ആരംഭിക്കുന്നതിനുമുമ്പ് വേദിയുടെ ക്രമീകരണം, ലൈറ്റ് & സൗണ്ട്, ഇടവേളകളിലുള്ള ശുചീകരണം എന്നിവയുടെ കുറ്റമറ്റ സജ്ജീകരണം ഉറപ്പുവരുത്തുക.

12. വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരേ വിദ്യാർത്ഥിക്കു വെവ്വേറെ സമയം ലഭിക്കത്തക്കവണ്ണം പ്രോഗ്രാം ക്രമീകരിക്കുക.

13. ഉയർന്ന തലങ്ങളിലുള്ള മത്സരങ്ങൾക്കായി വിജയികളുടെ പട്ടിക (കൈറ്റുമായി ചേർന്ന്) തയ്യാറാക്കി മേൽത്തലങ്ങൾക്കു നൽകുക.

14. സ്റ്റേജിലെ ക്രമീകരണങ്ങൾക്ക് (കർട്ടൻ നിയന്ത്രണം ഉൾപ്പെടെ) ആളുകളെ ഏർപ്പെടുത്തുക.

*15. കോഡ് നമ്പരുകൾ പ്രദർശിപ്പിക്കുന്നതിനായി സ്റ്റാൻഡുകൾ/ഡിസ്പ്ലേ ബോർഡുകൾ തയ്യാറാക്കുക.*

16. മത്സരം കഴിഞ്ഞാലുടൻ സ്കോർ ഷീറ്റ്, റിമാർക്സ് ഷീറ്റ്, ടാബുലേഷൻ ഷീറ്റ് വിധികർത്താക്കളുടെ അഭിപ്രായ കുറിപ്പ്, സ്റ്റേജ് മാനേജരുടെ റിപ്പോർട്ട് എന്നിവ ശേഖരിച്ച് പ്രോഗ്രാം കമ്മിറ്റി കൺവീനർക്ക് നൽകുക.

17. മത്സരയിനങ്ങളെ സംബന്ധിച്ച നിയമങ്ങളും നിബന്ധനകളും മത്സരം തുടങ്ങുന്നതിന് മുമ്പ് വേദിയിൽ പ്രഖ്യാപിക്കുക. സംസ്ഥാനതലമത്സരങ്ങളിൽ ഇവ സ്റ്റേജിന് സമീപം ഡിജിറ്റൽ ഡിസ്പ്ലേ ചെയ്ത് പ്രദർശിപ്പിക്കേണ്ടതാണ്.

**ഇ) നിയമപാലന കമ്മിറ്റി**

**ചുമതലകൾ** : കലോത്സവം നടക്കുന്ന സ്ഥലത്ത് അച്ചടക്കവും ചിട്ടയും ഉറപ്പു വരുത്തുക എന്നതാണ് കമ്മിറ്റിയുടെ മുഖ്യകർത്തവ്യം. സ്ഥലത്തുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ, എൻ.സി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എസ്.പി.സി, ജെ.ആർ.സി എന്നിവയുടെയും പ്രാദേശികമായി ലഭിക്കുന്ന സന്നദ്ധസംഘടനക ളുടെയും അധ്യാപകരുടെയും പൗരമുഖ്യൻമാരുടെയും സഹായ സഹകരണങ്ങൾ കമ്മിറ്റി തേടേണ്ടതാണ്. കലോത്സവം തീരുന്നതുവരെ പോലീസിന്റെ സേവനം നിർബന്ധമായും ഉറപ്പുവരുത്തണം.

**എഫ്) വെൽഫെയർ കമ്മിറ്റി**

**ചുമതലകൾ** : കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെയും ഔദ്യോഗിക ഭാരവാഹി കളുടെയും ക്ഷേമവും ആരോഗ്യപരിപാലനവുമാണ് ഈ കമ്മിറ്റിയുടെ ചുമതലകൾ. പൊതുജനാരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഏതുസമയവും വൈദ്യസഹായവും പ്രഥമശുശ്രൂഷയും കിട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണം. കുട്ടികളുടെ താമസസ്ഥലത്തും മത്സരങ്ങൾ നടക്കുന്നസ്ഥലത്തും കുടിവെള്ളം ലഭ്യമാക്കണം. ഭക്ഷണശാലയിൽ ശുചീകരണത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമപഞ്ചായത്ത് സഹകരണം തേടാവു ന്നതാണ്. ഗ്രീൻ പ്രോട്ടോകോൾ, ഫയർഫോഴ്സിന്റെ സേവനം എന്നിവ ഉറപ്പാക്കണം. കലോത്സവവുമായി ബന്ധപ്പെട്ട മറ്റു സ്ഥലങ്ങളിലും ഭക്ഷണപ്പുരയിലും കൺവീനർ നിർദ്ദേശിക്കുന്ന പ്രകാരം ശുചിമുറികൾ സജ്ജീകരിക്കണം. സംസ്ഥാനതലത്തിൽ കമ്മിറ്റി നിശ്ചയിക്കുന്ന ഒരു തുക വെൽഫെയർ കമ്മിറ്റി ജില്ല ടീം മാനേജരിൽ നിന്ന് കോഷൻ ഡിപ്പോസിറ്റായി വാങ്ങേണ്ടതാണ്.

**ജി) രജിസ്ട്രേഷൻ കമ്മിറ്റി**

**ചുമതലകൾ**

1. വിവിധ ജില്ലകളിൽ നിന്നുവരുന്ന സംഘങ്ങളെ രജിസ്റ്റർ ചെയ്യുകയും അവരെ അക്കോമൊഡേഷൻ സമിതിക്ക് ഏൽപിച്ചുകൊടുക്കുകയും ചെയ്യുക.

2. അതതുസമയം ആവശ്യമായ ഭക്ഷണകൂപ്പണുകൾ വിവിധ കമ്മിറ്റികൾക്കും ടീം മാനേജർക്കും നൽകുക.
3. ബാഡ്ജുകളും രജിസ്ട്രേഷൻ കാർഡുകളും തയ്യാറാക്കി വിതരണം ചെയ്യുക. (സംസ്ഥാനതല കലോത്സവത്തിലെ വിധികർത്താക്കൾക്കുള്ള ബാഡ്ജുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്നതാണ്)
4. വിവിധ കമ്മിറ്റികളിൽ വോളന്റിയർമാരായി പ്രവർത്തിക്കുന്നവർക്കുള്ള ബാഡ്ജുകൾ അതതു കമ്മിറ്റികൾ തയ്യാറാക്കി വിതരണം ചെയ്യേണ്ടതാണ്.

## എച്ച്) അക്കൊമൊഡേഷൻ കമ്മിറ്റി

**ചുമതലകൾ :**

1. ***ഈ കമ്മിറ്റി രജിസ്ട്രേഷൻ കമ്മിറ്റിയുമായി സഹകരിച്ച പ്രവർത്തിക്കേണ്ടതാണ്. വിവിധ ജില്ലകളിൽനിന്നു വരുന്ന കുട്ടികൾക്ക് താമസസ്ഥലം നിശ്ചയിച്ച സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.***
2. വെള്ളം, വെളിച്ചം, കുളിമുറി, ശുചിമുറി തുടങ്ങിയവ വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലത്ത് ആവശ്യാനുസരണം ഏർപ്പെടുത്തണം. വെള്ളത്തിന്റെ സുഗമമായ ലഭ്യതയ്ക്കും താല്ക്കാലിക ജലവിതരണത്തിനും വൈദ്യുതി തടസ്സംകൂടാതെ ലഭിക്കുന്നതിനും പ്രത്യേക ക്രമീകരണങ്ങൾ ക്യാമ്പുകളിൽ ചെയ്യേണ്ടതാണ്.
3. ***കലോത്സവവുമായി ബന്ധപ്പെട്ട സബ്കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കായി ഓരോ കമ്മറ്റികൾക്കും രണ്ട് മുറികൾ വീതം ബുക്ക് ചെയ്ത് നൽകേണ്ടതാണ്. വിധികർത്താക്കൾ, മറ്റ് ഉദ്യോഗസ്ഥർ, വിശിഷ്ട വ്യക്തികൾ എന്നിവർക്കുള്ള മുറികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പബ്ലിക് റിലേഷൻ ഓഫീസർ മുൻകൂട്ടി ബുക്ക് ചെയ്യുന്നതായിരിക്കും.***

## ഐ) ട്രാൻസ്പോർട്ട് കമ്മിറ്റി

**ചുമതലകൾ** : മത്സരങ്ങളിൽ പങ്കെടുക്കുവാൻ എത്തുന്ന സംഘങ്ങൾക്കും അതിഥികൾക്കും ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുക. റെയിൽവേ, സ്റ്റേറ്റ് ട്രാൻസ്പോർട്ട്, പൊതുസർവീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുടമകൾ, സ്കൂൾ ബസ്സുകൾ തുടങ്ങിയവരെ സമീപിച്ച് മത്സരസ്ഥലത്തേക്കും അവിടെ നിന്നു തിരികെയും പ്രത്യേക സർവ്വീസുകൾ നടത്തിക്കുവാൻ ശ്രദ്ധിക്കുക. വിവിധ മത്സര വേദികൾ ബന്ധിപ്പിച്ച് വാഹന സൗകര്യവും ഏർപ്പെടുത്തണം.

ജെ) ട്രോഫി കമ്മിറ്റി

**ചുമതലകൾ :**

1. പ്രോഗ്രാം കമ്മിറ്റി ഓരോ ദിവസവും നൽകുന്ന പട്ടിക അനുസരിച്ച് ട്രോഫികളും സർട്ടിഫിക്കറ്റുകളും ക്രമത്തിൽ അടുക്കിവച്ച് അവ അതതു ദിവസം തന്നെ വിതരണം നടത്തുക.
2. ട്രോഫികൾ സ്വീകരിച്ചതിനു തെളിവായി ടീം മാനേജരെക്കൊണ്ട് ട്രോഫി രജിസ്റ്ററിൽ ഒപ്പു വയ്പ്പിക്കുക.
3. കലോത്സവത്തിന്റെ സമാപനച്ചടങ്ങിൽ വച്ച് ഓവറോൾ ചാമ്പ്യൻഷിപ്പുകളും അവയുടെ സർട്ടിഫിക്കറ്റുകളും പ്രത്യേക സമ്മാനങ്ങളും വിതരണം ചെയ്യുക.
4. ട്രോഫി രജിസ്റ്റർ പൂർത്തിയാക്കി കലോത്സവം കഴിഞ്ഞ ഉടൻതന്നെ വിദ്യാഭ്യാസ ആഫീസർമാരെ ഏൽപ്പിക്കുക. സംസ്ഥാനതലത്തിൽ പി.ആർ.ഒ യെ ഏൽപ്പിക്കുക.
5. എവർറോളിംഗ് ട്രോഫികളുടെ/ഷീൽഡുകളുടെ കാലാവധി പത്തുവർഷമായിരിക്കും. അതിനുശേഷം അവ നൽകിയവർ പുതിയവ നൽകുന്നില്ലെങ്കിൽ അവ പൊതുവിദ്യാഭ്യാസ ഡയറക്ടർ പിൻവലിക്കുന്നതാണ്.

കെ) സ്റ്റേജ് & പന്തൽ കമ്മിറ്റി

**ചുമതലകൾ :**

1. വിവിധ കമ്മിറ്റികൾ, ജനറൽ കൺവീനർ എന്നിവരുമായി ആലോചിച്ച് ആവശ്യമായ സ്റ്റേജുകൾ, ഗ്രീൻ റൂമുകൾ, കർട്ടൻ എന്നിവ ക്രമീകരിക്കുക. ഗ്രീൻ റൂമുകളിൽ വാഷ്ബേസിനുകൾ സ്ഥാപിച്ച് വെള്ളം എത്തിക്കുക. ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണത്തിനും പന്തലുകൾ സജ്ജീകരിക്കുക.

2. പന്തലുകൾ നിർമ്മിക്കുകയും മോടിപിടിപ്പിക്കുകയും ചെയ്യുക.

3. വേണ്ടരീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കുക. സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷൻമാർക്കും സൗകര്യപ്രദമായ രീതിയിൽ ഇരിപ്പിടം ഒരുക്കണം. വിധികർത്താക്കളുടെ ഇരിപ്പിടങ്ങൾ പ്രത്യേകം വേർതിരിച്ച സ്ഥലത്തായിരിക്കണം. മാധ്യമ പ്രവർത്തകർക്കുള്ള ഇരിപ്പിടങ്ങളും പ്രത്യേകം സജ്ജീകരിച്ചു നൽകണം. പന്തലുകൾ ഇൻഷ്വർ ചെയ്യുകയും അഗ്നിശമന സേനയുടെ സേവനം ഉറപ്പാക്കുകയും ചെയ്യുക. പ്രധാനവേദിക്കരികിലായി അഗ്നിശമന സേനയ്ക്കു പന്തൽകെട്ടി നൽകേണ്ടതാണ്.

4. *വേദികളുടെ ഉറപ്പിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മത്സരം തുടങ്ങുന്നതിന് 2 ദിവസം മുമ്പ് വാങ്ങി ജനറൽ കൺവീനർക്ക് നൽകേണ്ടതാണ്.*

5. *പ്രധാന വേദികൾ, പ്രോഗ്രാം കമ്മിറ്റി റൂം, വിധികർത്താക്കളെ വിന്യസിപ്പിക്കുന്ന ആഫീസ്, മീഡിയാ സെന്റർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, ഹയർ അപ്പീൽ, ലോവർ അപ്പീൽ എന്നി ഓഫീസുകൾക്ക് ആവശ്യമായ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുക*

6. വേദികളിലേക്കും പന്തലിലേക്കും ആവശ്യമായ ഫർണിച്ചർ, ഫാൻ, മത്സരങ്ങൾക്കാവശ്യമായ വിളക്ക്, പറ മുതലായവ ലഭ്യമാക്കുക.

7. വേദികളിൽ ആവശ്യമായ ബാനറുകൾ, വേദി നമ്പരുകൾ എന്നിവ എഴുതി പ്രദർശിപ്പിക്കുക.

8. ഐറ്റി വിഭാഗത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

9. പ്രദർശനത്തിനും കച്ചവടത്തിനും ആവശ്യമായ സ്റ്റാളുകൾ നിർദ്ദേശാനുസരണം കെട്ടി നൽകുക.

10. പ്രധാന വേദിക്കരികൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യാനുസരണം ടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തണം.

**എൽ) ലൈറ്റ് & സൗണ്ട് കമ്മിറ്റി**

**ചുമതലകൾ :**

1. *പന്തൽ, വേദികൾ, സ്റ്റാളുകൾ, ഗ്രീൻ റൂം, താമസസ്ഥലങ്ങൾ, പാചകപ്പുര, ഇതിനോടനുബന്ധിച്ചുള്ള മറ്റു സ്ഥലങ്ങൾ, ഭക്ഷണപ്പുര, മീഡിയാ സെന്ററുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, ഹയർ അപ്പീൽ, ലോവർ അപ്പീൽ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാ സമയത്തും വെളിച്ചം ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, ഹയർ അപ്പീൽ, വിധികർത്താക്കൾക്കുള്ള മുറി, പ്രധാന വേദിയോടു ചേർന്നുള്ള വി.ഐ.പി. മുറികൾ എന്നിവിടങ്ങളിൽ ആവശ്യത്തിന് ശീതീകരണ സംവിധാനം ഏർപ്പെടുത്തുക.*

2. *വേദികൾ, സ്റ്റാളുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, ഹയർ അപ്പീൽ, ലോവർ അപ്പീൽ, വിധികർത്താക്കൾക്കുള്ള മുറി, മീഡിയാ സെന്ററുകൾ എന്നിവിടങ്ങളിൽ*

*ആവശ്യത്തിന് പ്ലഗ് പോയിന്റ്, ആവശ്യത്തിനുള്ള ലീഡുകൾ, മൈക്ക് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ എന്നിവ സജ്ജീകരിക്കുക.*

3. ഫീഡ്ബാക്ക് സ്പീക്കറുകൾ സ്റ്റേജുകളിൽ സജ്ജീകരിക്കുക.
4. ജനറേറ്റർ സൗകര്യം ഉറപ്പാക്കുക.
5. സ്വാഗതഗാനത്തിന് (സംസ്ഥാനതലം) ആവശ്യമായ ലൈറ്റ് ക്രമീകരണങ്ങൾ സ്വീകരണ കമ്മിറ്റിയുമായി ചേർന്നു ചെയ്യുക.
6. ഭക്ഷണകമ്മിറ്റി, ട്രാൻസ്പോർട്ട് കമ്മിറ്റി, രജിസ്ട്രേഷൻ കമ്മിറ്റി, പബ്ലിസിറ്റി കമ്മിറ്റി എന്നിവർക്കുവേണ്ട മൈക്ക് സൗകര്യങ്ങൾ സജ്ജീകരിക്കുക.
7. വേദിയിൽ യാതൊരാക്ഷേപത്തിനും ഇടവരാത്തവിധമുള്ള സൗണ്ട്സിസ്റ്റം ക്രമീകരിക്കുക.
8. കൈറ്റ്, വീഡിയോ കവറേജ്, സി.സി.റ്റി.വി എന്നിവയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. വിവിധ സ്റ്റാളുകൾ, പ്രവർത്തന ശാലകൾ എന്നിവയ്ക്ക് ജനറൽ കൺവീനറുടെ നിർദ്ദേശ പ്രകാരം സൗകര്യങ്ങൾ നൽകുക.
10. *വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് 2 ദിവസം മുമ്പ് വാങ്ങി ജനറൽ കൺവീനർക്ക് നൽകേണ്ടതാണ്.*

**എം) സുവനീർ കമ്മിറ്റി**

**ചുമതലകൾ :**

1. കലോത്സവത്തോടനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന സുവനീറിനാവശ്യമായ ലേഖനങ്ങൾ, ഫോട്ടോകൾ, പരസ്യങ്ങൾ തുടങ്ങിയവ സംഘാടകസമിതിയുടെ അനുമതിയോടെ ശേഖരിക്കുക.
2. സുവനീർ ഭംഗിയായി രൂപകൽപന ചെയ്ത് അച്ചടിപ്പിച്ച് കലോത്സവത്തിന്റെ സമാപന സമ്മേളനത്തിൽത്തന്നെ പ്രകാശനം ചെയ്യുക.
3. സുവനീറിന്റെ വില പൊതുവിദ്യാഭ്യാസ ഡയറക്ടറുമായി ആലോചിച്ചു നിശ്ചയിച്ച് അതതു ജില്ലകൾക്കാവശ്യമായ കോപ്പികൾ ജില്ലാവിദ്യാഭ്യാസ ആഫീസുകളിലും ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റുകളിലും എത്തിക്കുക.

4. പരസ്യങ്ങൾ ജനറൽ കൺവീനറുടെ അംഗീകാരത്തോടുകൂടി മാത്രമേ ശേഖരിക്കാൻ പാടുള്ളൂ. താരിഫ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുക. പ്രസിദ്ധീകരണത്തിന്റെ ചെലവുകൾ വഹിക്കുക.

എൻ) ധനകാര്യ കമ്മിറ്റി

ഘടന:

മറ്റംഗങ്ങളെ കൂടാതെ താഴെപ്പറയുന്നവർ ധനകാര്യ കമ്മിറ്റിയിൽ സ്ഥിരാംഗങ്ങളായിരിക്കും.

1. ജനറൽ കൺവീനർ
2. ട്രഷറർ
3. അക്കൗണ്ട്സ് ആഫീസർ (ഹയർ സെക്കണ്ടറി) (സംസ്ഥാനതലം)
4. ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസിലെ സൂപ്രണ്ട്/അക്കൗണ്ട്സ് ആഫീസർ.

ചുമതലകൾ:

1. വിവിധ കമ്മിറ്റികൾ സമർപ്പിക്കുന്ന ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്ത് ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയോടെ സംഘാടക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക.

2. അപ്രതീക്ഷിത ചെലവുകൾക്ക് അടിയന്തരമായി അംഗീകാരം നൽകുക. (പിന്നീട് സംഘാടക സമിതിയുടെ അംഗീകാരം തേടണം)

3. കലോത്സവം കഴിഞ്ഞാൽ വരവുചെലവു കണക്കുകൾ തയ്യാറാക്കി ഓഡിറ്റിനു സമർപ്പിക്കുന്നതിനു ജനറൽ കൺവീനറെ സഹായിക്കുക. വിവിധ സബ്കമ്മിറ്റികളുടെ കൺവീനർമാരും ട്രഷററും ധനകാര്യകമ്മിറ്റിയുടെ കൺവീനറും ചേർന്നു വേണം ഇതു ചെയ്യുവാൻ.

4. ഓഡിറ്റുചെയ്ത കണക്കുകൾ സംഘാടകസമിതിയിൽ സമർപ്പിച്ച് അംഗീകാരം നേടുക. കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം കണക്കുകൾ സംഘാടക സമിതിയിൽ സമർപ്പിച്ചിരിക്കണം. ജനറൽ കൺവീനറുടെയും ട്രഷററുടെയും ചുമതലയാണിത്.

5. സംഘാടക സമിതിയുടെ അംഗീകാരത്തിനു വിധേയമായി വിഭവങ്ങൾ സംഭാവനയായി സ്വീകരിക്കുന്നതിനു കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും. ഇതിന് ഒരു പ്രത്യേക

രജിസ്റ്റർ സൂക്ഷിക്കുകയും ജനറൽ കൺവീനർ അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

6. വിഭവങ്ങൾ അതതു ദിവസം തന്നെ ട്രഷററെ ഏൽപ്പിക്കുക.

7. വിഭവങ്ങളുടെ വില കണക്കാക്കി വരവിൽ ഉൾപ്പെടുത്തേണ്ടതും അന്തിമ കണക്കിൽ ഈ തുക കുറവുവരുത്തേണ്ടതുമാണ്.

8. എൻഡോവ്മെന്റ് മുഖേന കലോത്സവത്തിനു ഫണ്ട് സ്വരൂപിക്കാവുന്നതാണ്. ഈ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നായിരിക്കും നടത്തുക.

9. കലോത്സവത്തിന്റെ കണക്കുകൾ കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം ചാർട്ടേഡ് അക്കൗണ്ടിനെ കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് ജനറൽ കൺവീനർ സംഘാടക സമിതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുക.

**ഒ) ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റി**

**ചുമതലകൾ :**

ഈ കമ്മിറ്റിയുടെ ചെയർമാൻ, ശുചിത്വമിഷൻ ജില്ലാ കോ–ഓർഡിനേറ്റർ ആയിരിക്കും. കലോത്സവവേദികൾ ഹരിതാഭമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക. മത്സരാർത്ഥികൾക്കും കലാസ്വാദകൾക്കും ഹരിതപെരുമാറ്റച്ചട്ടത്തെപ്പറ്റി അവബോധം നൽകി കലോത്സവ പരിസരങ്ങളെ മാലിന്യ മുക്തമാക്കുക, പ്ലാസ്റ്റിക്കിന്റെ പ്രയോഗം ഒഴിവാക്കാൻ വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

# അധ്യായം – 13

# അപ്പീൽ കമ്മിറ്റി

## സ്കൂൾതല അപ്പീൽ കമ്മിറ്റി

1. സ്കൂൾതല മത്സരത്തിലെ വിധിനിർണ്ണയത്തിൽ പരാതികൾ ഉണ്ടെങ്കിൽ തീർപ്പു കൽപ്പിക്കുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അദ്ധ്യക്ഷനായി വി.എച്ച്.എസ്.ഇ, എച്ച്.എസ്.ഇ പ്രതിനിധികളും മറ്റു രണ്ടു വിദഗ്ദ്ധരും ഉൾപ്പെടുന്ന അഞ്ചുപേർ അടങ്ങുന്ന അപ്പീൽ കമ്മിറ്റി ഉണ്ടായിരിക്കും.

2. ***ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 1,000/ രൂപ സഹിതം പരാതികൾ അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ സ്കൂൾ പ്രിൻസിപ്പളിനോ, ഹെഡ്മാസ്റ്റർക്കോ മത്സരാർത്ഥി നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. ടി തുക മേളയുടെ സംഘാടക സമിതിക്കു കൈമാറേണ്ടതാണ്.***

3. സ്കൂളിൽ ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ ഉടൻതന്നെ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബന്ധപ്പെട്ട രേഖകൾസഹിതം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കു സമർപ്പിക്കേണ്ടതാണ്.

4. മത്സരം കഴിഞ്ഞാലുടൻ സ്കോർ ഷീറ്റ്, റിമാർക്സ് ഷീറ്റ്, വിധികർത്താക്കളുടെ അഭിപ്രായക്കുറിപ്പ്, സ്റ്റേജുമാനേജരുടെ റിപ്പോർട്ട് എന്നിവ വാങ്ങി പരിശോധിക്കേണ്ടതാണ്.

5. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/ഉപജില്ലാ കലോത്സവത്തിന് മുമ്പ് (ഇതിൽ ഏതാണോ ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

6. സ്കൂളിൽ നിന്നും കാറ്റഗറി ഇനത്തിൽ പങ്കെടുക്കേണ്ട പരിധി കഴിഞ്ഞുള്ള അപ്പീലുകൾ പരിഹണനാർഹമല്ല.

## ഉപജില്ലാതല അപ്പീൽ കമ്മിറ്റി

1. ഉപജില്ലാതല മത്സരത്തിലെ വിധിനിർണ്ണയത്തിലെ പരാതികൾ ഉണ്ടെങ്കിൽ തീർപ്പുകൽപ്പിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ആഫീസർ അദ്ധ്യക്ഷനായി വി.എച്ച്.എസ്.ഇ

അസിസ്റ്റന്റ് ഡയറക്ടർ, എച്ച്.എസ്.ഇ റീജണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരോ അവർ ഓരോരുത്തരും ചുമതലപ്പെടുത്തുന്ന പ്രതിനിധിയോ ഉൾപ്പെട്ട വിദഗ്ദ്ധരുമടങ്ങുന്ന 5 പേരുടെ സമിതി ഉണ്ടായിരിക്കും.

2. *ഉപജില്ലാതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 2,000/- രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി ബന്ധപ്പെട്ട ജനറൽ കൺവീനർക്ക്/മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അപ്പീലിന് ആവശ്യമായ ചെലവുകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തന്നെ വഹിക്കേണ്ടതും ബാക്കി വരുന്ന തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സൂക്ഷിക്കേണ്ടതുമാണ്.*

3. *ജനറൽ കൺവീനർക്ക് ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ ഉടൻതന്നെ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.*

4. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/റവന്യൂ ജില്ലാ കലോത്സവത്തിനു മുമ്പ് (ഇതിൽ ഏതാണോ ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

5. അപ്പീൽ കമ്മിറ്റി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാന്വലിൽ പറയുന്ന സത്യപ്രസ്താവന അനുബന്ധം നാലിൽ ചെയർമാനു നൽകേണ്ടതാണ്.

റവന്യൂജില്ലാതല അപ്പീൽ കമ്മിറ്റി

1. *റവന്യൂജില്ലാ കലോത്സവ മത്സരങ്ങളുടെ വിധിനിർണ്ണയത്തിനെതിരെ പരാതികൾ ഉണ്ടെങ്കിൽ അവ തീർപ്പുകൽപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ/പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ/മറ്റ് ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർ ചെയർമാനും അതതു മേഖലയിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (എച്ച്.എസ്.ഇ) അസിസ്റ്റൻറ് ഡയറക്ടർ (വി.എച്ച്.എസ്.ഇ) ഉൾപ്പെടെയുള്ളവരെ അംഗങ്ങളായിച്ചേർത്ത് അപ്പീൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയിൽ ചെയർമാനുൾപ്പെടെ 10 അംഗങ്ങൾ ഉണ്ടായിരിക്കും. താഴെപ്പറയുന്ന വിവിധ കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരൻമാരെ ഡെപ്യൂട്ടി ഡയറക്ടർ അംഗങ്ങളായി, അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. ഇവർക്കു പുറമെ ഏതെങ്കിലും വിഭാഗത്തിൽ വിദഗ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് കൺവീനർക്ക്*

*അധികാരമുണ്ടായിരിക്കും. അപ്പീൽ കമ്മിറ്റി ചെയർമാനെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നിശ്ചയിച്ച് നൽകുന്നതായിരിക്കും.*

1. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
2. ശാസ്ത്രീയ ലളിതസംഗീതത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
3. ഉപകരണ സംഗീതത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
4. ചിത്രകലയിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
5. താളവാദ്യത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
6. ഭാഷാസാഹിത്യത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
7. മാപ്പിള കലയിലെ വിദഗ്ധൻ/വിദഗ്ധ

2. അപ്പീൽ കമ്മിറ്റിയുടെ കാലാവധി ഒരു വർഷമോ അടുത്ത വർഷത്തേക്കുള്ള ഔദ്യോഗിക കമ്മിറ്റി രൂപവത്ക്കരിക്കുന്നതുവരെയോ ആയിരിക്കും. അപ്പീൽ കമ്മിറ്റി രൂപവത്ക്കരിച്ചു കൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

3. അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ ബയോഡാറ്റ ചെയർമാൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

4. ജില്ലാതല അപ്പീൽ കമ്മിറ്റി സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ മാത്രം പരിഗണിച്ച് വിശകലനം ചെയ്യേണ്ടതും കാര്യകാരണ സഹിതം വിശദമായ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

5. ***റവന്യൂ ജില്ലാതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 5,000/- രൂപ ഫീസ് സഹിതം പരാതികൾ അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ പരാതികൾ തയ്യാറാക്കി ബന്ധപ്പെട്ട ജനറൽ കൺവീനർക്ക് മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ച് നൽകുന്നതാണ്. അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്കു കൈമാറേണ്ടതാണ്.***

6. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് അഞ്ചു ദിവസം/സംസ്ഥാനതല കലോത്സവത്തിന് മുമ്പ് (ഇതിൽ ഏതാണോ ആദ്യം) തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

7. അപ്പീൽ കമ്മിറ്റിയുടെ മിനിട്ട്സ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും മിനിട്ട്സിന്റെ പകർപ്പ് വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ കമ്മിറ്റി ചേർന്നു കഴിഞ്ഞ ഉടൻ തന്നെ അയയ്ക്കുകയും ചെയ്യേണ്ടതാണ്.

8. മേൽപറഞ്ഞ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും നടപ്പാക്കുന്നത്.

## <u>സംസ്ഥാനതല അപ്പീൽ കമ്മിറ്റി</u>

1. *സംസ്ഥാനതല കലോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തിനെതിരെയുള്ള പരാതി കേൾക്കുന്നതിനും തീർപ്പ കൽപ്പിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായുള്ള അപ്പീൽ കമ്മിറ്റി രൂപീകരിക്കണം. അപ്പീൽ കമ്മിറ്റിയിൽ വിവിധ കലാരംഗത്ത് പ്രാവീണ്യമുള്ള പ്രശസ്തരായ കലാകാരൻമാരെ പൊതുവിദ്യാഭ്യാസ ഡയറക്ടര് നിയമിക്കേണ്ടതാണ്. താഴെപ്പറയുന്ന വിവിധ കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരൻമാരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മെമ്പര്മാരായി, അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. അപ്പീൽ കമ്മിറ്റിയിൽ ചെയർമാനുൾപ്പെടെ 9 അംഗങ്ങൾ ഉണ്ടായിരിക്കും.*

    1. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
    2. ശാസ്ത്രീയ ലളിത സംഗീതത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
    3. മാപ്പിളകലകളിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
    4. ഉപകരണ സംഗീതത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
    5. ചിത്രകലയിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
    6. താളവാദ്യത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
    7. ഭാഷാസാഹിത്യത്തിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ
    8. അഭിനയ കലകളിൽ വിദഗ്ദ്ധൻ/വിദഗ്ദ്ധ

2. അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഔദ്യോഗിക ഉത്തരവ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിദഗ്ദ്ധർക്കു പുറമെ ഏതെങ്കിലും വിഭാഗത്തിൽ വിധി നിർണ്ണയത്തിനു വിദഗ്ദ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിനു ചെയർമാൻ അധികാരമുണ്ടായിരിക്കും.

3. ലഭിക്കുന്ന പരാതികളുടെ ഉള്ളടക്കം പരിശോധിച്ചു നടപടിയെടുക്കുവാനും തീർപ്പു കൽപ്പിക്കുവാനും അപ്പീൽ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. ഇക്കാര്യത്തിൽ അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

4. അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ ബയോഡാറ്റ ചെയർമാൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

5. അപ്പീൽ കമ്മിറ്റി അംഗങ്ങളായി നിയമിക്കപ്പെടുന്നവർ മാന്വലിൽ പറയുന്ന സത്യപ്രസ്താവന അനുബന്ധം നാലിൽ ചെയർമാനു നൽകേണ്ടതാണ്.

6. ***സംസ്ഥാനതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 5000/- രൂപ ഫീസ് സഹിതം അനുബന്ധം രണ്ടില് കൊടുത്തിരിക്കുന്ന മാതൃകയിൽ പരാതികൾ തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. രാത്രി 10 മണിക്കുശേഷം ഫലം പ്രഖ്യാപിക്കുന്ന ഇനത്തിന് പിറ്റേ ദിവസം രാവിലെ 10 മണിവരെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്. അല്ലാത്ത പക്ഷം ഈ തുക ഫെസ്റ്റിവല് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.***

7. സംസ്ഥാനതല അപ്പീൽ കമ്മിറ്റി സാങ്കേതികവും നിയമപരവുമായ കാര്യങ്ങൾ മാത്രം പരിഗണിച്ച് വിശകലനം ചെയ്യേണ്ടതും കാര്യകാരണസഹിതം വിശദമായ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

8. പരാതികൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ച് തീരുമാനം എടുക്കണം. തീരുമാനം ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

9. അപ്പീൽ കമ്മിറ്റിയുടെ മിനിറ്റ്സ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

10. ***സംസ്ഥാനതല മത്സരത്തിൽ ജില്ലാതല അപ്പീലിലൂടെ വരുന്ന മത്സരാർത്ഥി ജില്ലാ തലത്തിൽ നിന്നും മത്സരിച്ച വിജയിച്ച മത്സരാർത്ഥിയേക്കാൾ മെച്ചപ്പെട്ട സ്കോർ ലഭിച്ചാൽ മാത്രമേ ഗ്രേഡിനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയുള്ളൂ.***

11. കോടതിവിധിയിലൂടെ വരുന്ന മത്സരാർത്ഥികൾക്കും ഖണ്ഡിക 10 ലെ വ്യവസ്ഥ ബാധക മാണ്.

12. *ജില്ലാതല അപ്പീലിലൂടെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥി 10,000/- രൂപ നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്. 10, 11 ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്കോര് മെച്ചപ്പെടുത്തിയില്ലെങ്കിൽ തുകയും സർട്ടിഫിക്കറ്റും ലഭിക്കുകയില്ല.*

13. വിവിധ കോടതികളിലൂടെയും വരുന്ന മത്സരാർത്ഥികൾക്കും ഖണ്ഡിക 12 ലെ വ്യവസ്ഥ ബാധകമാണ്.

14. *ഹയർ അപ്പീൽ കൊടുത്തിരിക്കുന്ന മത്സരാർത്ഥികൾക്ക് ആയതിന്മേൽ തീരുമാനം വന്നതിനുശേഷം മാത്രമേ അർഹരായവർക്ക് ലോവർ അപ്പീലിന്റേയും ഹയർ അപ്പീലിന്റേയും തുക മടക്കി നൽകേണ്ടതുള്ളൂ.*

# അധ്യായം – 14

## കേരള സ്കൂൾ കലോത്സവം : പൊതുനിബന്ധനകൾ

1. രചനാ മത്സരങ്ങൾക്ക് ആവശ്യമായ പേപ്പർ മാത്രമേ സംഘാടകർ നൽകുകയുള്ളൂ. മത്സരത്തിന്റെ പ്രമേയം വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്.

2. ശാസ്ത്രീയ സംഗീത മത്സരങ്ങൾക്കും ശ്രുതി ഉപയോഗിക്കാവുന്നതാണ്. മത്സരാർത്ഥിക്ക് ഇഷ്ടമുള്ള രാഗം ആലപിക്കാവുന്നതാണ്.

3. ലളിതഗാനം ഭാവപ്രധാനമായിരിക്കണം. വരികളുടെ അർത്ഥത്തിനനുസരിച്ച് സംഗീതം നൽകിയതായിരിക്കണം. ലളിതഗാനത്തിൽ അമിതമായി ക്ലാസിക്കൽ സംഗീതം കലർത്താൻ പാടുള്ളതല്ല.

4. കഥകളി സംഗീതത്തിന് ചേങ്ങിലയും ശ്രുതിപെട്ടിയും ഉപയോഗിക്കാം.

5. അക്ഷരശ്ലോകത്തിൽ സംസ്കൃതവൃത്തത്തിലുള്ള മലയാള ശ്ലോകങ്ങളും സംസ്കൃത ശ്ലോകങ്ങളുമാവാം. നാലുവരികളാണ് ചൊല്ലേണ്ടത്. മൂന്നാമത്തെ വരിയുടെ ആദ്യക്ഷരത്തിലായിരിക്കണം അടുത്ത കുട്ടി ശ്ലോകം തുടങ്ങേണ്ടത്. മൂന്നാമത്തെ അക്ഷരം കൂട്ടക്ഷരമാണെങ്കിൽ ഏതെങ്കിലും ഘടകവർണത്തിലാവാം ശ്ലോകം അടുത്ത കുട്ടി ചൊല്ലേണ്ടത്. എട്ടക്ഷരത്തിലുള്ള ശ്ലോകങ്ങൾ ഒഴിവാക്കേണ്ടതാണ്.

6. കാവ്യകേളിയിൽ ഭാഷാ വൃത്തങ്ങളാണ് ആലപിക്കേണ്ടത്. അർത്ഥപൂർത്തി വരാൻ പാകത്തിലുള്ള നാല് ഈരടികളാണ് മത്സരാർത്ഥികൾ ചൊല്ലേണ്ടത്. മൂന്നാമത്തെ ഈരടിയുടെ ആദ്യാക്ഷരത്തിലുള്ള പദ്യങ്ങളാണ് അടുത്ത കുട്ടി ചൊല്ലേണ്ടത്.

7. ചെണ്ടയ്ക്ക് (തായമ്പക) അനുസാരി വാദ്യങ്ങളാകാം. എന്നാൽ കുട്ടികൾ തന്നെ പങ്കെടുക്കണം. (രണ്ട് വട്ടം ഒരു വലംതല രണ്ട് ഇടംതല അഥവാ രണ്ട് വട്ടം രണ്ട് വലംതല ഒരു ഇടംതല). അവർക്കും സമ്മാനം ലഭിക്കും.

8. നാടൻ നൃത്തത്തിന് അനുയോജ്യമായ രൂപവും വേഷവിധാനവുമായിരിക്കണം നാടോടി നൃത്തത്തിനു തെരഞ്ഞെടുക്കേണ്ടത്. നാടോടി നൃത്തത്തിനും, സംഘനൃത്തത്തിനും അമിതമായ ആഡംബരം ഒഴിവാക്കണം. നാടോടിനൃത്തത്തിൽ പാട്ട്, ആട്ടം, വേഷം, ചുവട് ഇവയിൽ നാടോടിത്തനിമ പ്രകടമായിരിക്കണം. അമിതമായ ആഡംബരത്തിന് മാർക്ക് കുറക്കണം.

9. *നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റിക്കോർഡ് ചെയ്ത സി.ഡി/പെൻഡ്രൈവ്/ ഹാർഡ് ഡിസ്ക് എന്നിവ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. പാട്ടുകൾക്കു ചേർന്ന വിധത്തിലുള്ള വാദ്യോപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. ഭരതനാട്യത്തിനു വയലിൻ, മൃദംഗം, വീണ, നാട്യാംഗം എന്നീ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. മോഹിനിയാട്ടത്തിന് വയലിൻ, വീണ, മൃദംഗം, നാട്യാംഗം, ഇടക്ക,ഓടക്കുഴൽ എന്നിവ ഉപയോഗിക്കാവുന്നതാണ്. എല്ലാ നൃത്തയിനങ്ങൾക്കും ഓടക്കുഴൽ ഉപയോഗിക്കാവുന്നതാണ്.*

10. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്കു പിന്നണിയിൽ അതാതു കാറ്റഗറിയിലെ കുട്ടികൾ തന്നെയായിരിക്കണം.

11. കഥാപ്രസംഗത്തിന് പിന്നണിയിൽ തബല അല്ലെങ്കിൽ മൃദംഗം, ഹാർമോണിയം അല്ലെങ്കിൽ ശ്രുതിപ്പെട്ടി, സിംബൽ ആന്റ് ടൈമിങ്ങ്, ക്ലാർനെറ്റ് അല്ലെങ്കിൽ വയലിൻ എന്നിവയ്ക്കായി നാലുകുട്ടികൾ വരെ ആകാം.

12. മദ്ദളത്തിന് അനുസാരിവാദ്യം ആകാം. കുട്ടികൾ ആയിരിക്കണം അനുസാരി വാദ്യം കൈകാര്യം ചെയ്യേണ്ടത്. (ഒരു ഇലത്താളം ഒരു വലംതല ഇങ്ങനെ രണ്ടുപേർ).

13. കാറ്റഗറി–I ലെ പ്രസംഗമത്സരത്തിനുള്ള വിഷയം രണ്ടുദിവസം മുമ്പേ നൽകുന്നതാണ്. പക്ഷേ കാറ്റഗറി II, III, IV എന്നിവയിലെ പ്രസംഗമത്സരത്തിനുള്ള വിഷയം മത്സരം തുടങ്ങുന്നതിന് 5 മിനിറ്റ് മുമ്പു മാത്രമേ വിധികർത്താക്കൾ നൽകുകയുള്ളൂ.

14. ഒപ്പനയ്ക്കു പക്കമേളമോ പിന്നണിയോ പാടില്ല. 10 പേർ (പെൺ) വേണം. 7 പേർ കളിക്കണം. 3 പേർ പാടണം. ഒരാൾ ലീഡ്. 2 കോറസ്–കളിക്കാർ ഏറ്റുപാടണം. സാഹിത്യശുദ്ധിയുള്ള പാട്ട് ആയിരിക്കണം. താളത്തിനൊത്ത കൈയടി മുഖ്യം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചെരിഞ്ഞുമുള്ള കൈയടിയും ചുറ്റിക്കളിയുമാകാം. മണവാട്ടി നിർബന്ധം. ഒപ്പനപ്പാട്ടിന്റെ ഇശൽ ഘടനയനുസരിച്ച് ചായൽ, ഇടമുറുക്കം, മുറുക്കം, മുറുക്കത്തിൽ തുണ്ട്, മുറുക്കത്തിൽ തുണ്ടുചാട്ടം തുടങ്ങിയവ അടങ്ങിയിരിക്കണം. വരവ് വഴിനീളം പോക്ക് വഴിനീളം എന്നിവയ്ക്ക് മറ്റേത് ഇശലുകളുമാകാം.

15. കോൽക്കളിക്ക് ഇമ്പമാർന്ന പുരാതന മാപ്പിളപ്പാട്ടുകളുടെ ഈണത്തിനൊപ്പിച്ച് മെയ് വഴക്കത്തോടെ ചുവടൊപ്പിച്ച് ചാഞ്ഞും ചെരിഞ്ഞും മറിഞ്ഞും കൃത്യമായ വായ്ത്താരിയും കോലടിയും താളവും പിടിച്ച് പങ്കെടുക്കുന്നവർ തന്നെ പാടണം. പിന്നണിയോ പുറമേ നിന്നുതാളം പറയാനോ പാടില്ല. 12 പേർ വേണം. കോൽ പെണയുടെ താളം, അവതരിപ്പിക്കുന്ന കളികളുടെ മുൻതാളവും വായ്ത്താരിയും ഓരോ കളിയിലും തുടക്കം മുതൽ അവസാനം വരെ ക്രമത്തിലും പാരമ്പര്യരീതി അനുസരിച്ചും അവതരിപ്പിക്കണം. ഓരോകളിയുടെ അവസാനത്തിലും അടക്കത്താള മായി അവതരിപ്പിക്കുന്ന മിൽഫോക്കും കൊടുത്തോപോക്കും കളിയുടെ പ്രാരംഭ ഘട്ടത്തിൽ അവതരിപ്പിക്കാൻ പാടുള്ളതല്ല.

16. ദഫ്മുട്ടിന് ബൈത്തിന്റെ വൈവിധ്യമാർന്ന ഈണങ്ങൾക്ക് അനുസരിച്ച് ചാഞ്ഞും ചരിഞ്ഞും നിന്നും ഇരുന്നും വിവിധ താളങ്ങളിൽ അവതരിപ്പിക്കണം. അമിതമായ ചുവടുകളോ നൃത്തമോ പാടില്ല. 10 പേർ വേണം. പിന്നണി പാടില്ല. അറബി ബൈത്തുകളോ മദ്ഹ് നിഷീദകളോ ആകാം. ചുരുങ്ങിയത് 4 താളക്രമങ്ങൾ എങ്കിലും അവതരിപ്പിക്കണം. മാപ്പിളപ്പാട്ടോ ലളിതഗാനങ്ങളോ അവതരിപ്പിക്കാൻ പാടുള്ളതല്ല. ജദ്ബിന്റെ ഹാലിൽ ഭക്തിയുടെ പരിവേഷത്തോടെയായിരിക്കണം കളി അവസാനിപ്പിക്കേണ്ടത്.

17. അറബനമുട്ടിന് ഊർജ്ജസ്വലനായ അഭ്യാസിയുടെ രൂപഭാവങ്ങൾ ദൃശ്യമാകണം. അറബനയുടെ ശബ്ദം ഉയർത്തുന്നതിനനുസരിച്ച് അറബി ബൈത്തിന്റെ ഗതി വേഗതയും കൂടേണ്ടതാണ്. അംഗോപാംഗങ്ങളിൽ തട്ടിയും മുട്ടിയും വിവിധ താളങ്ങളിലൂടെ അവതരിപ്പിക്കണം. പിന്നണി പാടില്ല. 10 പേർ വേണം. അറബനയുടെ ഓരോ കളിയിലും ഒന്നാം കാലം, രണ്ടാം കാലം എന്നിവ കൃത്യമായി അവതരിപ്പിക്കണം. അഷ്ടപ്രയോഗങ്ങളിലാണ് ഓരോ കളിയും അവതരിപ്പിക്കേണ്ടത്. അറബനയുടെ വ്യത്യസ്ത പ്രയോഗങ്ങൾക്കും പ്രകടനങ്ങൾക്കും പ്രാധാന്യം കൊടുക്കേണ്ടതാണ്. കളിയുടെ തുടക്കം മുതൽ അവസാനം വരെ ആത്മീയ പരിവേഷം അനിവാര്യമാണ്. അറബ് ബൈത്തുകളും രിഫായി ത്വരീഖത്ത് ബൈത്തുകളും അനുവദനീയമാണ്. ഹാളിർബൈത്തോടുകൂടി അവസാനിപ്പിക്കുന്നതായിരിക്കും അഭികാമ്യം.

18. തിരുവാതിരക്കളിക്ക് പിൻപാട്ടിന് കുട്ടികളായിരിക്കണം. (രണ്ടു പേർ) ലളിതമായ കേരളീയ വേഷമായിരിക്കണം. കലാരൂപത്തിന്റെ തനിമ നിലനിർത്തണം. കുട്ടികൾ തന്നെ പാടിക്കളിക്കണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം (ഇവ സംഘാടകർ നൽകണം) അമിതമായ ചമയങ്ങൾ ഒഴിവാക്കേണ്ടതാണ്.

